# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 23 ലക്കം 22 പേജ് 6 2017 സെപ്റ്റംബർ 15



2 ധ്യാനപംക്തി

3 തിരുവേദവനിതകൾ

4 മാനേജിംഗ് കമ്മിറ്റി ചോദ്യോത്തരങ്ങൾ

5 ചിതറിയ ചിന്തകൾ


## മലങ്കരസഭയുടെ ഐക്യത്തിനും സമാധാന സ്ഥാപനത്തിനുമായി നടത്തുന്ന നീക്കങ്ങൾക്ക് മാനേജിംഗ് കമ്മിറ്റി പിന്തുണ പ്രഖ്യാപിച്ചു

കോട്ടയം : 1934-ലെ ഭരണഘടന അടിസ്ഥാനതത്തിലും 2017-ലെ സുപ്രീംകോടതി വിധിയുടെ അന്തസന്ത ഉൾക്കൊണ്ടും പ.സുന്നഹദോസിന്റെയും ഭരണഘടനാടിസ്ഥാനമായി രൂപീകൃതമായിട്ടുള്ള മറ്റ് സമിതികളുടെയും ആലോചനയോടുകൂടി പ.കാതോലിക്കാ ബാവാ സ്വീകരിക്കുന്ന നടപടികൾക്ക് സഭാമാനേജിംഗ് കമ്മിറ്റി പിന്തുണ പ്രഖ്യാപിച്ചു. പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിൽ നടന്ന മാനേജിംഗ് കമ്മിറ്റി യോഗത്തിൽ ഇതുസംബന്ധിച്ച് സഭാവർക്കിംഗ് കമ്മിറ്റി അംഗം പ്രൊഫ.ജേക്കബ് കുര്യൻ ഓണാട്ട് അവതരിപ്പിച്ച പ്രമേയം മാനേജിംഗ് കമ്മിറ്റിയോഗം ഏകകണ്ഠമായി അംഗീകരിച്ചു. സഭാ സമാധാനാലോചനയുടെ ഭാഗമായി മെത്രാപ്പോലീത്തന്മാരായ ഡോ.തോമസ് മാർ അത്താനാസിയോസ്, സഖറിയാ മാർ നിക്കോളാവോസ് എന്നിവർ പ.പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് ചർച്ചകൾ നടത്തിയതായി യോഗത്തിൽ വ്യക്തമാക്കി.

വിഭാഗീയതയും സ്വാർത്ഥതയും നിരുത്സാഹപ്പെടുത്തി ജനാധിപത്യപാരമ്പര്യം പാലിക്കാൻ ശ്രമിക്കണമെന്ന് പ.കാതോലിക്കാ ബാവാ ആമുഖപ്രസംഗത്തിൽ ആവശ്യപ്പെട്ടു.

സഭയുടെ വരവുചെലവു കണക്കുകളും ഓഡിറ്റഡ് റിപ്പോർട്ടും, വാർഷിക റിപ്പോർട്ടും അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ അവതരിപ്പിച്ചു.

എം.എസ്.സഖറിയാ റമ്പാൻ, കെ.ഇ.മാമ്മൻ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. ഫാ.മാത്യു കോശി ധ്യാനം നയിച്ചു.

സഭാ ഓഡിറ്ററായും പരുമല സെമിനാരി ഓഡിറ്ററായും റിജേഷ് ചിറത്തലാട്ടിനെ തെരഞ്ഞെടുത്തു. സൗത്ത് അമേരിക്ക യൂണിവേഴ്സിറ്റിയിൽനിന്നും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് നേടിയ ഡോ.ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ, പ്രൊഫ.കെ.എം.കുറിയാക്കോസ് എന്നിവരെയും സംസ്ഥാന അദ്ധ്യാപക അവാർഡ് നേടിയ ഫാ.തോംസൺ ഗ്രേസ്, ഡോ.ജേക്കബ് ജോൺ, കെ.എം.ജോൺസൺ, ജോസ് ജോർജ് എന്നിവരെയും മികച്ച വ്യവസായ സംരഭക അവാർഡ് നേടിയ അലക്സ് ബേബി (ബഹ്റിൻ) തുടങ്ങിയവരെ സഭാമാനേജിംഗ് കമ്മിറ്റിയോഗം അഭിനന്ദിച്ചു.

ചർച്ചകളിൽ പങ്കെടുത്ത് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ഫാ.ഡോ.എം.ഒ.ജോൺ, ഫാ.ഏബ്രഹാം കാരമേൽ, എം.ജി.ജോർജ് മുത്തൂറ്റ്, ഏബ്രഹാം മാത്യു വീരപ്പള്ളി, പ്രൊഫ.വർഗീസ് പേരയിൽ, എ.കെ.ജോസഫ്, വർഗീസ് ജോൺ തോട്ടപ്പുഴ, വി.ജി.ഷാജി തുടങ്ങിയവർ സംസാരിച്ചു.

## സഭാസമാധാനം ദൈവേഷ്ടം; അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിക്കണം

മലങ്കരസഭയിൽ ശാശ്വത സമാധാനമുണ്ടാകണമെന്നാണ് ദൈവേഷ്ടമെന്നും ഇരുവിഭാഗത്തിലുമുള്ള ഭൂരിപക്ഷം സഭാവിശ്വാസികളും അതാഗ്രഹിക്കുന്നുവെന്നും ഹൈക്കോടതി അഡ്വക്കേറ്റുമാരായ വർഗീസ് പി.തോമസ്, അലക്സാണ്ടർ ജോർജ്, പി.സി.ചാക്കോ, എൽദോ പോൾ എന്നിവർ ചേർന്ന് പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ പറയുന്നു. അന്തമില്ലാത്ത വ്യവഹാരങ്ങൾ വിവിധ ഇടവകപള്ളികളിലെയും സെമിത്തേരികളിലേയും സമാധാനാന്തരീക്ഷം വർഷങ്ങളായി തകർത്തുകൊണ്ടിരിക്കുന്നതായി അവർ ചൂണ്ടിക്കാട്ടി. ദൈവത്തിൽ അടിയുറച്ച വിശ്വാസത്തിലൂടെ നിലവിലുള്ള ഭിന്നതകൾ പരിഹരിക്കുവാൻ എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടത് ആവശ്യമാണെന്ന് ഇരുവിഭാഗത്തിലുംപെട്ട സമാധാന കാംഷികളായ വിസ്വാസികളും വൈദികരും തുടർച്ചയായി ആവശ്യപ്പെടുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഇപ്പോഴുണ്ടായിരിക്കുന്ന അനുകൂല സാഹചര്യം പരമാവധി പ്രയോജനപ്പെടുത്താൻ ഇരുവിഭാഗം സഭാനേതൃത്വവും ആത്മാർത്ഥമായി ശ്രമിക്കണമെന്ന് അഡ്വക്കേറ്റുമാർ ആവശ്യപ്പെട്ടു.

## സഭകളുടെ ലയനനീക്കത്തിന് പ.പാത്രിയർക്കീസ് ബാവായുടെ പിന്തുണ : ഡോ.തോമസ് മാർ അത്താനാസിയോസ്

കോലഞ്ചേരി : മലങ്കരസഭകളുടെ ലയനനീക്കത്തിന് സഭാമേലദ്ധ്യക്ഷൻ പ.ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ പിന്തുണ ലഭിച്ചതായി ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ. നാലു പതിറ്റാണ്ടിനുശേഷമാണ് ഓർത്തഡോക്സ് സഭാ മെത്രാപ്പോലീത്തന്മാരായ ഡോ.തോമസ് മാർ അത്താനാസിയോസ്, സഖറിയാ മാർ നിക്കോളാവോസ് എന്നിവർ പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് ചർച്ച നടത്തിയത്. ലെബനോൻ തലസ്ഥാനമായ ബെയ്റൂട്ടിലെ പാത്രിയർക്കാ അരമനയിലായിരുന്നു പാത്രിയർക്കീസ് ബാവായുമായി മെത്രാപ്പോലീത്താമാർ കൂടിക്കാഴ്ച നടത്തിയത്.

രണ്ടുദിവസം നീണ്ട ചർച്ചകൾക്കൊടുവിൽ യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ യോജിക്കുന്നതിനുള്ള തങ്ങളുടെ നിർദ്ദേശത്തിന് പാത്രിയർക്കീസ് ബാവാ പിന്തുണ നൽകിയതായി തോമസ് മാർ അത്താനാസിയോസ് ത്രൊപ്പോലീത്താ പറഞ്ഞു. സമാധാന നീക്കങ്ങൾക്ക് നേതൃത്വം നൽകാൻ യാക്കോബായ സഭാ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായോട് ഫോണിൽ ബാവാ നിർദ്ദേശം നൽകിയതായും അദ്ദേഹം പറഞ്ഞു. തുടർ ചർച്ചകൾ മലങ്കരയിലും ലെബനോനിലുമായി നടത്തുവാനും പ്രാഥമിക ചർച്ചയിൽ തീരുമാനമായിട്ടുണ്ടെന്നും മാർ അത്താനാസിയോസ് അറിയിച്ചു. ചർച്ചകളിൽ പാത്രിയർക്കീസ് ബാവായുടെ മലങ്കരകാര്യ സെക്രട്ടറി മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും പങ്കെടുത്തു.

ചർച്ചയുടെ വിശദാംശങ്ങൾ മൂവാറ്റുപുഴ അരമനയിൽ ഓർത്തഡോക്സ് സഭാനേതൃ യോഗത്തിൽ ഡോ.തോമസ് മാർ അത്താനാസിയോസ് വിശദീകരിച്ചു. ജൂലൈ 3-ലെ സുപ്രീംകോടതിവിധിയാണ് ലയനചർച്ച മലങ്കരയിൽ വീണ്ടും സജീവമാക്കിയത്. സുപ്രീംകോടതിവിധിക്കുശേഷം രണ്ടാഴ്ച മുമ്പ് കോട്ടയത്ത് ചേർന്ന ഓർത്തഡോക്സ് സഭാ സുന്നഹദോസാണ് രണ്ട് മെത്രാപ്പോലീത്താമാരെ പാത്രിയർക്കീസ് ബാവായുമായി ചർച്ചയ്ക്ക് ചുമതലപ്പെടുത്തിയത്.

(ദേശാഭിമാനി 7/9/2017)

## 12-09-2017-ലെ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി യോഗം ചോദ്യോത്തരങ്ങൾ

### ഫാ.ഡോ.വർഗീസ് വർഗീസ്

2017 ജൂലൈ മാസം മൂന്നാം തീയതി ബഹു.സുപ്രീംകോടതിവിധി ലഭിച്ചതിനുശേഷം, വിധിയുടെ അന്തസത്ത അനുസരിച്ച് സഭാ ഐക്യത്തിനുവേണ്ടി താഴെപറയുന്ന സമിതികൾ കൈക്കൊണ്ട പ്രവർത്തനങ്ങൾ വിവരിക്കാമോ?

എ. പ.സഭയുടെ വർക്കിംഗ് കമ്മിറ്റി

വർക്കിംഗ് കമ്മിറ്റിയോഗം ചേർന്ന് ടി വിഷയം ചർച്ച ചെയ്തു. ധനകാര്യം, റവന്യൂ, ബാങ്കിംഗ്, നികുതി, രജിസ്ട്രേഷൻ, വിദ്യാഭ്യാസം മുതലായ മേഖലകളുമായി ബന്ധപ്പെട്ടതും, നിയമപരവും സാങ്കേതികവുമായി നിലനിൽക്കുന്നതുമായ തുടർ നടപടികൾ സംബന്ധിച്ച് നിയമവിദഗ്ദ്ധരുമായി ആലോചിച്ച് മേൽനടപടികൾ കൈക്കൊള്ളുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബി. പ.എപ്പിസ്കോപ്പൽ സുന്നഹദോസ്

2017 ആഗസ്റ്റ് സുന്നഹദോസ് ഈ വിവരം ഗൗരവപൂർണ്ണമായി ചർച്ചചെയ്ത് വിധി സംബന്ധിച്ച തുടർനടപടികൾക്കായുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നു.

സി. പ.ബാവാ തിരുമേനിയാൽ നിയമിതമായ സഭാസമാധാന സമിതി

സമാധാന സമിതി എന്നൊന്ന് രൂപീകരിക്കപ്പെട്ടിട്ടില്ല. സുപ്രീംകോടതിവിധി, തുടർ നടപടികൾ എന്നിവ സംബന്ധിച്ച് പ.ബാവാ തിരുമേനിക്ക് ആലോചന നൽകുന്നതിനുള്ള സമിതിയെയാണ് പ.ബാവാ തിരുമനസ്സുകൊണ്ട് രൂപീകരിച്ചിട്ടുള്ളത്.

### വർഗീസ് ജോൺ തോട്ടപ്പുഴ

ബഹു.സുപ്രീംകോടതിവിധിയുടെ പശ്ചാത്തലത്തിൽ പ.പാത്രിയർക്കീസ് ബാവായുമായോ മറുകക്ഷിയുമായോ ആവശ്യം വന്നാൽ സഭാ സമാധാന ചർച്ച നടത്തുന്നതിന് എന്തെങ്കിലും ഡലിഗേഷൻ രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം?

ഔപചാരിക ചർച്ചകൾക്കായി ഔദ്യോഗിക ഡെലിഗേഷൻ രൂപീകരിച്ചിട്ടില്ല.

2. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയംഗങ്ങളെ മെത്രാസന ഇടവകയോഗത്തിലേക്കു ക്ഷണിക്കുന്ന രീതി മിക്ക ഭദ്രാസങ്ങളിലുമുണ്ട്. എല്ലാ ഭദ്രാസനങ്ങളിലും ഇപ്രകാരം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ?

(ശേഷം പേജ് 4-ൽ)

## യു.എ.ഇയിൽ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 105-ാം വാർഷികം പൗരസ്ത്യ കാതോലിക്കേറ്റ് കൂടുതൽ അർത്ഥവത്തും പ്രസക്തവുമാകണം : ഫാ.ഡോ.എം.ഒ.ജോൺ

റാസൽഖൈമ : പൗരസ്ത്യ കാതോലിക്കേറ്റിനെക്കുറിച്ച് കൂടുതൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി മലങ്കരയിലെ കാതോലിക്കേറ്റിന്റെ പൂർണ്ണ അർത്ഥവും പ്രസക്തിയും മനസ്സിലാക്കുവാൻ സാധിക്കണമെന്ന് ഫാ.ഡോ.എം.ഒ.ജോൺ പറഞ്ഞു. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ 105-ാം വാർഷികം 'സ്വത്വം' എന്ന പേരിൽ റാസൽഖൈമ സെന്റ് മേരീസ് തീർത്ഥാടന കേന്ദ്രത്തിൽ യു.എ.ഇ. സോണൽ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ. ഇടവക വികാരി ഫാ.ഐപ്പ്.പി.അലക്സ്, ഫാ.ജേക്കബ് ജോർജ്, ഫാ.അബ്രഹാം തോമസ്, ഫാ.ടോം, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ കെ.ജി.നൈനാൻ, ബേബി തങ്കച്ചൻ, വി.ജി.ഷാജി, ഭദ്രാസന കൗൺസിൽ അംഗങ്ങളായ രാജേഷ് ഫിലിപ്പ് തോമസ്, അലക്സ് ബേബി, ഇടവക ഭാരവാഹികളായ ട്രസ്റ്റി ഈശോ വർഗീസ്, സെക്രട്ടറി സജി വർഗീസ്, സോണൽ സെക്രട്ടറി ബിജു തങ്കച്ചൻ, കൺവീനർ റെജി ജോൺ, യൂണിറ്റ് സെക്ര

(ശേഷം പേജ് 5-ൽ)

# സ്ലീബാ പെരുന്നാളിനുശേഷം മൂന്നാം ഞായർ

## ധ്യാനപീഠം

ഫാ.ജോൺ സ്ലീബാ,
മുഖത്തല

**വി.മർക്കോസ് 2:23–28**

**ഒക്ടോബർ 1**

പരീശന്മാരും സാദൂക്യരും ക്രിസ്തുവിന്റെ ഓരോ വാക്കിലും പ്രവർത്തിയിലും കുറ്റങ്ങൾ കണ്ടുപിടിക്കുകയാണ്. അവർ ക്രിസ്തുവിന്റെ ശിഷ്യന്മാരെയും വെറുതെ വിടുന്നില്ല. ഇന്നത്തെ വേദഭാഗത്തിൽ ശബ്ബത്തിൽ വിളഭൂമിയിൽകൂടെ പോകുമ്പോൾ ശിഷ്യന്മാർ കതിര് പറിക്കുന്നതിനെ വിഹിതമല്ലാത്ത പ്രവർത്തിയായി കണ്ട് വിമർശിക്കുന്നു. ക്രിസ്തു അവർക്ക് തക്കതായ മറുപടി നൽകുകയും ചെയ്യുന്നു.

### നിയമങ്ങൾ മനുഷ്യരുടെ നന്മയ്ക്ക് വേണ്ടിയാകണം

പരീശന്മാർ തങ്ങൾ നല്ലവരാണ് എന്ന് ചിന്തിക്കുന്നു. കപടഭക്തിയായതിനാൽ മറ്റുള്ളവരെ എങ്ങനെ വിമർശിക്കാം, കുടുക്കിലാക്കാം എന്ന ചിന്തയുണ്ടാകുന്നു. അതിനാൽ തന്നെ ശിഷ്യർ കതിർ പറിച്ചതിനെ കൊയ്ത്തായും കയ്യിൽ വെച്ചതിനെ മെതിയായും കണ്ട് ശബ്ബത്തിൽ വിഹിതമല്ലാത്തത് ചെയ്തു എന്ന മത നിയമത്താൽ കുടുക്കുവാൻ ശ്രമിക്കുകയാണ്. നിയമത്തെ പർവ്വതീകരിക്കുന്നതായി നാം കാണുകയാണ്. എന്നാൽ ക്രിസ്തു പറയുകയാണ് ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്. മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല. മാത്രവുമല്ല മനുഷ്യപുത്രൻ ശബ്ബത്തിന്റെ കർത്താവാകുന്നു.

ഇന്നത്തെ സമൂഹത്തിലും നമുക്ക് കാണാവുന്ന ഒരു കാര്യമാണ് സാധാരണക്കാർ തെറ്റു ചെയ്താൽ ശിക്ഷ ലഭിക്കും. എന്നാൽ വലിയവർ എന്ത് തെറ്റ് ചെയ്താലും അവരെ സംരക്ഷിക്കുവാൻ എത്രപേരാണ്.

ക്രിസ്തു പറയുകയാണ് ഒരു സമൂഹത്തോട് നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ കല്ലെറിയട്ടെ. ഒരാൾപോലും അവിടെ കല്ലെറിയുവാൻ നിന്നില്ല. ഇത് ഓർമ്മിപ്പിക്കുന്നത് എല്ലാവരിലും കുറവുണ്ട് എന്നാണ്. വിശപ്പിനുവേണ്ടി മോഷ്ടിച്ചാൽ അത് തെറ്റല്ലായെന്ന് ഒരു രാജ്യത്തിൽ പുതിയ നിയമം വന്നു. മെഴുകുതിരികാലുകൾ കട്ടവന് താൻ അത് അവന് നൽകിയതാണെന്ന് പറയുമ്പോൾ കള്ളനിൽ ഉണ്ടാക്കിയ മാറ്റം എത്ര വലിയതാണ്. നിയമങ്ങൾ നന്മയ്ക്കാകട്ടെ.

### സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ

**വി.ലൂക്കോസ് 16:9–18**

**ഒക്ടോബർ 8**

ഈ വേദഭാഗത്തിൽ വി.ലൂക്കോസ് നിരവധി ചിന്തകൾ നമുക്ക് നൽകുന്നു.

### 1. വിശ്വസ്തതയുള്ളവരാകുകയെന്നത് ക്രിസ്തീയതയ്ക്ക് മാറ്റുകൂട്ടും

ബൈബിൾ പറയുകയാണ് അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തനാണ്. ക്രിസ്ത്യാനികൾക്ക് കേരളസമൂഹത്തിൽ ഉണ്ടായിരുന്ന ആത്മീയ പരിവേഷം നഷ്ടപ്പെടാൻ കാരണം അവിശ്വസ്തതയായിരുന്നോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. സാധുസുന്ദർസിംഗിന്റെ ആത്മകഥയിലെ രണ്ട് അഭിപ്രായങ്ങൾ കേരളക്രൈസ്തവർ എന്നല്ല ലോക ക്രൈസ്തവർ ചിന്തിച്ച് മാറ്റത്തിന് തയ്യാറാകണം. സുന്ദർസിംഗ് പറയുകയാണ് ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനികളും, ക്രിസ്തുവുള്ള അക്രൈസ്തവരും ഉണ്ടെന്ന്. ഈ തിരിച്ചറിവ് മാറ്റങ്ങൾ സൃഷ്ടിക്കട്ടെ.

### 2. ദൈവത്തെയും മാമോനെയും സേവിക്കാൻ ശ്രമിക്കരുത്

ഭാരതത്തിലെ സന്യാസിവര്യരുടെ പ്രസംഗങ്ങൾ കേൾക്കുമ്പോൾ തീർത്തും ദരിദ്രനായി ജീവിച്ച ക്രിസ്തുവിന്റെ പിൻഗാമികൾക്ക് എങ്ങനെ ഇത്രയേറെ സമ്പത്ത് എന്ന് അവർ ആശ്ചര്യപ്പെടുന്നു. സ്വന്തമായി ഒരു കല്ലറപോലുമില്ലാത്തവനായ ക്രിസ്തുവിനെ പിൻതുടർന്നു നമ്മൾ ഇന്ന് കല്ലറയ്ക്കുവേണ്ടിയും, ഇപ്പോൾ കല്ലറയുടെ ഇന്റീരിയർ വർക്കിനുവേണ്ടിയും ഒക്കെ ചിലവാക്കുന്ന തുകകൾ അറിയുമ്പോൾ ക്രിസ്തു ചിരിക്കുന്നുവെന്ന് എത്രപേർ ചിന്തിക്കുന്നു. ക്രിസ്തു പറയുകയാണ് ഒരാൾക്ക് രണ്ട് യജമാനന്മാരെ സേവിക്കാൻ കഴിയില്ല. ക്രിസ്തുവിന്റെ ഈ വാക്കുകളിലൂടെ ധനം ആവശ്യമില്ല എന്നല്ല ധനത്തിനെ ആരാധിക്കുകയും ധനവാന്മാരെ വാഴ്ത്തുകയും ചെയ്യുന്ന രീതി മിക്ക സമൂഹങ്ങളിലും ഉണ്ട്. പണത്തിനുമീതെ പരുന്തും പറക്കില്ലായെന്ന പഴയ ചൊല്ല് അതല്ലേ നമ്മെ ഓർമ്മിപ്പിക്കുന്നത്. ദൈവത്തെ മറക്കുന്ന മനുഷ്യർ ധനത്തെ ആരാധിക്കുന്നു. എന്നാൽ തന്റെ ഭക്തനെ കരുതുന്ന ഒരു ദൈവത്തെയാണ് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ശ്രീനാരായണഗുരു പറയുന്നു ധനം വർദ്ധിക്കുന്തോറും മനുഷ്യൻ നന്നാകുമോ. പണം ഇല്ലാതെ ജീവിക്കാനും വിഷമം. ആഹാരം വസ്ത്രം ഇതൊക്കെ വിലകൊടുക്കാതെ കിട്ടുമോ. വിദ്യാഭ്യാസം, രോഗചികിത്സ അതുപോലെ മറ്റുപലതും നടക്കണം. സമ്പാദ്യം അധികമായാൽ ആശ വർദ്ധിക്കും. മനസമാധാനം നഷ്ടപ്പെടും. തൃപ്തിയാണ് ആവശ്യം. ഈ വാക്കുകൾ പണത്തിന്റെ കാര്യത്തിൽ തൃപ്തിയും ക്രിസ്തുവിന്റെ വാക്കുകളിൽ ആത്മാവിൽ ദൈവഭക്തിയുള്ളവരായി ദാരിദ്ര്യവ്രതവും ഉണ്ടാവുമ്പോൾ ദൈവത്തെ സ്നേഹിക്കാനും സേവിക്കാനും മനുഷ്യർക്ക് ഇടയാകും.



മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോണിന് അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ സ്വീകരണം നൽകി. വൈദികട്രസ്റ്റിയായി തെരഞ്ഞെടുത്തതിനുശേഷം യു.എ.ഇയിലുള്ള സഭയുടെ ദേവാലയങ്ങളിൽ സന്ദർശിക്കുന്നതിന്റെ ഭാഗമായാണ് അബുദാബി ഇടവകയിൽ എത്തിച്ചേർന്നത്.


## അഡ്മിഷൻ 2017–2018

**ബാംഗ്ലൂരും പരിസരത്തുമുള്ള പ്രശസ്തവും നല്ല വിജയശതമാനവുമുള്ള കോളജുകളിൽ വിവിധ കോഴ്സുകളിലേക്ക് കോളജുകളിൽ നേരിട്ട് ബന്ധപ്പെടുത്തി അഡ്മിഷൻ വാങ്ങി കൊടുക്കുന്നതാണ്.**

**No Donation and Less fees, Fees Direct to College**

**Course**

**B.Sc.Nursing, GNM, M.Sc.Nursing, PC BSc Nursing with KNC & INC (with Medical College in Banglore City), Engineering (all branches) B.Pham, D.Pham, BPT, Pham D, M.Tech, Bio-Technology, BCA, BBM, BHM, MCA, MBA, B.Ed, Multmedia, Physical Education (Degree & Dploma) courses and any other courses.**

**For Admission Contact :**

**K.C.Raju, 63,4th Cross, Vinayaka Lay-out II Stage, Kempapura, Hebbal, Banglore -24**

**Phone : 080-23434282, 09448507035**


## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള–673 591, ഫോൺ : 04936–247274, 248034, 9446733201**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ 1986 ജനുവരി 17ന് ആണ് കാര്യമ്പാടി കണ്ണാശുപത്രി ആരംഭിച്ചത്. മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമാണ്. കൂടാതെ പ.ബാവാ തിരുമനസ്സിലെയും, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയുടെയും, ഭദ്രാസന കൗൺസിലിന്റെയും നോമിനികളും, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, സഭാസെക്രട്ടറി എന്നിവരെല്ലാം ഉൾപ്പെടുന്ന 55 അംഗങ്ങളുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലുമാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്.

ആദിവാസികൾ ഏറെയുള്ളതും തികച്ചും അവികസിതവും ചികിത്സാസൗകര്യങ്ങൾ നന്നേ കുറവുള്ളതുമായ ജില്ലയാണ് വയനാട്. കണ്ണാശുപത്രിയുടെ ഇതേവരെയുള്ള പ്രവർത്തന മികവ് കാരണം സമീപജില്ലകളിൽനിന്നും ചികിത്സ തേടി രോഗികൾ ധാരാളമായി വന്നുതുടങ്ങിയിട്ടുണ്ട്. യാതൊരു ചികിത്സയും തേടുവാൻ മാർഗ്ഗമില്ലാതെ കഴിഞ്ഞുകൂടിയിരുന്ന ആയിരക്കണക്കിന് അന്ധരെ സൗജന്യ ശസ്ത്രക്രിയവഴി വെളിച്ചത്തിലേക്കും ജീവിത്തിന്റെ മുഖ്യധാരയിലേക്കും നയിക്കുവാൻ കാര്യമ്പാടി കണ്ണാശുപത്രിയിലെ പ്രഗത്ഭരായ ഡോക്ടർമാർക്ക് സാധിച്ചിട്ടുണ്ട്. 2013 മാർച്ച് 31 വരെ ഒരുകോടി എൻപത്തിയാറുലക്ഷത്തി എൺപത്തയ്യായിരത്തി ഇരുപത്തിയെട്ടു രൂപയുടെ (18685028.40) സൗജന്യ ചികിത്സ നൽകുവാൻ ദൈവകൃപയാൽ കഴിഞ്ഞു. ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് ഉദാരമതികളായ സഹോദരങ്ങൾ നൽകിയ വിലപ്പെട്ട സംഭാവനകളാണ് ഈ കാര്യത്തിൽ ഞങ്ങൾക്ക് ശക്തി പകർന്നത്. സഹായിച്ച എല്ലാവരോടും ഹൃദയപൂർവ്വം നന്ദി പറയുന്നു.

ഇൻട്രാ ഒക്കുലർ ലെൻസ് ആധുനീക താക്കോൽദ്വാര ശസ്ത്രക്രിയവഴി കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്ന ചികിത്സാരീതി ഏറെ ചെലവുള്ളതാണ്. അതുകൊണ്ട് സാധാരണക്കാരായ പാവപ്പെട്ടവർ നിത്യ അന്ധതയിലും പട്ടിണിയിലും കഴിഞ്ഞുകൂടേണ്ടിവരുന്നു. ഇവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാര്യമ്പാടി കണ്ണാശുപത്രിയിൽ ഗിവ്സൈറ്റ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി അനേകർക്ക് പ്രയോജനകരമാക്കുവാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ശസ്ത്രക്രിയക്ക് 2000 രൂപ എന്ന നിരക്കിൽ ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് നിങ്ങളുടെ സംഭാവന അയച്ചുതരുക. എത്രപേരെ വേണമെങ്കിലും ഇപ്രകാരം സ്പോൺസർ ചെയ്യാവുന്നതാണ്. ശസ്ത്രക്രിയക്ക് അധികം വരുന്ന ചെലവുകൾ ആശുപത്രി കണ്ടെത്തുന്നതുമാണ്. ശസ്ത്രക്രിയവഴി കാഴ്ച ലഭിച്ചവരുടെ പൂർണ്ണ വിവരങ്ങൾ യഥാസമയം നിങ്ങളെ കത്ത് മൂലം അറിയിക്കുന്നതുമാണ്.

നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും പ്രധാനപ്പെട്ട വിശേഷ ദിവസത്തിന്റെ സ്മരണക്കായിട്ടോ നന്ദി സൂചകമായിട്ടോ ഒരന്ധനെയെങ്കിലും കാഴ്ചയിലേക്ക് നയിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കുചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് കല്പിച്ച് അരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ വചനം നമ്മുടെ ജീവിതത്തിലും അനുഗ്രഹമായിത്തീരട്ടെ.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

# തിരുവേദ വനിതകൾ...കഴിഞ്ഞലക്കം തുടർച്ച

സാലി മേരി തോമസ്, കുറ്റിക്കത്തിൽ

## മഗ്ദലന മറിയം – ആഴമായ സ്നേഹവും ഭക്തിയും

ഭൂതഗ്രസ്ഥയായിരുന്ന തന്നിൽനിന്നും ഏഴു ഭൂതങ്ങളെ പുറത്താക്കി, തന്നെ ഒരു സാധാരണ സ്ത്രീയായി ജീവിക്കുവാൻ സഹായിച്ച യേശുവിനെ ഇത്രമാത്രം സ്നേഹിച്ച വേറൊരു വ്യക്തി വേദപുസ്തകത്തിലില്ല. സൗഖ്യം കൊടുത്ത രക്ഷകന്റെ പിന്നാലെ, ശിഷ്യഗണത്തിൽ ഒരുവളായി മറിയ യേശുവിനെ പിൻതുടർന്നു. ഗലീലയിലും യഹൂദ്യയിലും ക്രൂശിന്റെ ചുവട്ടിലും എല്ലാം അവളുടെ സാന്നിദ്ധ്യം കാണുന്നു. യേശു മരിച്ചു കല്ലറയിൽ അടക്കപ്പെട്ടിട്ടും അവൾക്കു തിരികെപ്പോകുവാൻ തിടുക്കം ഉണ്ടായില്ല. ശാബത്തിന്റെ പിറ്റേന്നു പ്രഭാതത്തിൽതന്നെ യേശുവിന്റെ ശരീരത്തിൽ തൈലം പൂശുവാനായി അവൾ ഓടുന്നു. ആയതിനാൽ ഉത്ഥിതനായ ക്രിസ്തുവിനെ ആദ്യം കാണുവാനും, യേശുവിന്റെ പുനരുത്ഥാനത്തെപ്പറ്റി ശിഷ്യന്മാരോടു അറിയിക്കുവാനും നിയോഗം ലഭിക്കുന്നതു ഈ മറിയയ്ക്കാണ്.

മറിയ എന്ന വാക്കിന്റെ അർത്ഥം കയ്പ് എന്നാണെങ്കിൽ പേരുപോലെതന്നെ അവളുടെ ആദ്യകാല ജീവിതവും കയ്പു നിറഞ്ഞതായിരുന്നു. ഗലീല തടാകത്തിന്റെ പടിഞ്ഞാറെ തീരത്തു സ്ഥിതിചെയ്യുന്ന 'മഗ്ദല' എന്ന പട്ടണത്തിൽ ജനിച്ച അവൾ ഏഴു ഭൂതങ്ങൾ ബാധിച്ചവളായി വളരെ കഷ്ടപ്പെട്ടിരിക്കണം. ഒരു ഭൂതഗ്രസ്ത എന്ന നിലയിൽ മാതാപിതാക്കൾക്കോ മറ്റാർക്കെങ്കിലുമോ നിയന്ത്രിക്കുവാൻ കഴിയാതെ സമീപപ്രദേശങ്ങളിലൊക്കെ അലഞ്ഞുനടന്നിരുന്ന അവളെ സമീപവാസികൾ അവളുടെ നാടിന്റെ പേരു ചേർത്തു മഗ്ദലനമറിയ എന്നു വിളിച്ചു എന്നു ചിന്തിക്കാം. അവൾക്കു യേശു എപ്പോൾ എവിടെവെച്ച് സൗഖ്യം കൊടുത്തു എന്ന് തിരുവചനത്തിൽനിന്നു വ്യക്തമാകുന്നില്ലെങ്കിലും ഏഴു ഭൂതങ്ങൾ വിട്ടുമാറിയവൾ എന്നു വി. മർക്കോസിലും വി. ലൂക്കോസിലും നാം കാണുന്നു. (മർക്കോ. 16:9; ലൂക്കോ. 8:2)

മഹാകവി വള്ളത്തോളിന്റെ "മഗ്ദലനമറിയം" എന്ന ഖണ്ഡകാവ്യത്തിൽ അവളെ ഒരു അഭിസാരികയായി ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ വിശുദ്ധ വേദപുസ്തകത്തിൽ അങ്ങനെ ഒരു ആശയം കാണുന്നില്ല. വി. ലൂക്കോസിന്റെ സുവിശേഷം 7:36–50 വരെ വാക്യങ്ങളിൽ വിവരിക്കുന്ന ക്രിസ്തുവിന്റെ പാദം കണ്ണീരുകൊണ്ടു നനച്ചു തലമുടികൊണ്ടു തുവർത്തി തൈലം പൂശിയ പാപിനിയായ സ്ത്രീ മഗ്ദലനമറിയം ആയിരുന്നു എന്ന സങ്കല്പത്തിൽനിന്നുമാണ് ഇങ്ങനെ ഒരു ആശയം ഉരുത്തിരിഞ്ഞിട്ടുള്ളത്. ഈ ആശയം ആറാം നൂറ്റാണ്ടുമുതൽ പാശ്ചാത്യ സഭ അംഗീകരിക്കുകയും ലത്തീൻ സഭയുടെ സ്വാധീനത്തിൽ മറ്റു സഭകളിലും കടന്നുവരികയും ചെയ്തു. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിന്റെതന്നെ 8–ാം അദ്ധ്യായത്തിന്റെ ആരംഭഭാഗത്തു മഗ്ദലനമറിയയെ ഭൂതം വിട്ടുമാറിയ ഒരു സ്ത്രീയായി മാത്രം ചിത്രീകരിച്ചിരിക്കുന്നു. അപ്പോൾ ഏഴു ഭൂതം വിട്ടുമാറിയ മഗ്ദലനമറിയയും കർത്താവിന്റെ പാദത്തിൽ തൈലം ഒഴിച്ച പാപിനിയായ സ്ത്രീയും രണ്ടും രണ്ടുപേരാണെന്നു വ്യക്തമല്ലെ.

ഗലീലക്കടലിന്റെ തീരത്തുള്ള മഗ്ദല പട്ടണം വസ്ത്രനിർമ്മാണത്തിനു പേരുകേട്ട സ്ഥലമായിരുന്നു. ആളുകളും സാമ്പത്തികമായി മുൻപന്തിയിലായിരുന്നു. രോഗബാധിതയായ മറിയത്തെ വീട്ടുകാർ പല വൈദ്യന്മാരുടെയും ദൈവവേലക്കാരുടെയും അടുത്തു എത്തിച്ചുകാണണം. അവർക്കൊന്നും സൗഖ്യം കൊടുക്കുവാൻ കഴിയാതിരുന്ന അവൾക്ക് യേശു സൗഖ്യം കൊടുത്തു എന്നതിനാൽ അവൾ യേശുവിന്റെ ഒരു ആരാധകയായി മാറി. പലപ്പോഴും രോഗാവസ്ഥയിൽ യേശുവിനെ അന്വേഷിക്കുന്ന പലരും സൗഖ്യം നേടിക്കഴിഞ്ഞ് യേശുവിനെ വിസ്മരിക്കുകയാണ് പതിവ്. ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്ന സൗഖ്യം ലഭിച്ച പത്തു കുഷ്ഠരോഗികളിൽ തിരികെ വന്നു യേശുവിനു നന്ദി പറയുന്നത് ഒരാൾ മാത്രമാണ്. (ലൂക്കോ. 17:11–19) ഒരു ശമര്യാക്കാരൻ. ഇവിടെ മറിയ യേശുവിനു നന്ദി പറയുക മാത്രമല്ല ജീവിതംതന്നെ ക്രിസ്തുവിനു അർപ്പിക്കുവാൻ തയ്യാറാകുന്നു.

അവളുടെ നന്ദിപ്രകടനം വാക്കിൽ മാത്രം അവസാനിക്കുന്നതായിരുന്നില്ല. അവളുടെ ധനം ഉപയോഗിച്ചു ക്രിസ്തുവിനും ശിഷ്യന്മാർക്കും ശുശ്രൂഷ ചെയ്യുവാനും അവൾ തയ്യാറാകുന്നു. എന്തിനും ഉപരിയായി അവൾ എല്ലായിടത്തും ക്രിസ്തുവിനെ അനുഗമിക്കുകയും ചെയ്തു. "അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൗഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലനക്കാരത്തി മറിയയും ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശൂശന്നയും തങ്ങളുടെ വസ്തുവക കൊണ്ടു അവർക്കു ശുശ്രൂഷ ചെയ്തുപോന്ന മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു." (ലൂക്കോ. 8:2–3). കർത്താവിന്റെ ശിഷ്യകളുടെ കൂട്ടത്തിൽ ഒരുവളായി അവൾ മാറി.

യേശുവിന്റെ പീഡാനുഭവത്തിനും ക്രൂശാരോഹണത്തിനും ഒക്കെ സാക്ഷിയായിത്തീരുവാൻ അവൾക്കു സാധിച്ചു. കർത്താവിനെ ബന്ധനസ്ഥനാക്കിയെന്നു കേട്ടപ്പോൾ മുതൽ ശിഷ്യന്മാരൊക്കെയും ഓടിയൊളിച്ചു. "അവനോടുകൂടി മരിക്കേണ്ടതിനു നാമും പോക" എന്നു പറഞ്ഞ തോമ്മാശ്ലീഹായും "ആരെല്ലാം നിന്നെ തള്ളിപ്പറഞ്ഞാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല" എന്നു പറഞ്ഞ പത്രോസ് ശ്ലീഹായും ഒക്ക യേശുവിനെ വിട്ടു ഓടിക്കളഞ്ഞപ്പോഴും മഗ്ദലനക്കാരത്തി മറിയയും മറ്റു ചില സ്ത്രീകളും യേശുവിനെ അനുഗമിച്ചിരുന്നു. കുരിശും ചുമന്നുകൊണ്ട് യേശു ഗോൽഗോത്തായിലേക്കു പോകുമ്പോഴും അവർ യേശുവിനെ അനുഗമിച്ചു. മറ്റെല്ലാവരും പോയിക്കഴിഞ്ഞിട്ടും അവർ ക്രൂശിന്റെ സമീപത്തായി നിലകൊണ്ടു. "ഗലീലയിൽനിന്നു യേശുവിനെ ശുശ്രൂഷിച്ചുകൊണ്ടു അനുഗമിച്ചുവന്ന പല സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു. അവരിൽ മഗ്ദലക്കാരത്തി മറിയയും, യാക്കോബിന്റെയും യോസയുടെയും അമ്മയായ മറിയയും, സെബദി പുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു" (മത്താ. 27:55–56, യോഹ. 19:25)

അരിമഥ്യാക്കാരൻ യോസേഫും നിക്കോദിമോസും ഗവൺമെന്റ് അധികാരികളുടെ അനുവാദം വാങ്ങി യേശുവിന്റെ മൃതശരീരം കുരിശിൽനിന്നും ഇറക്കി യൗസേഫ് പുതിയതായി പാറയിൽ വെട്ടിച്ചിരുന്ന ഒരു കല്ലറയിൽ കൊണ്ടുപോയി അടക്കം ചെയ്തു. ആ സമയത്തും ഈ സ്ത്രീകൾ അവരോടൊപ്പം ഉണ്ടായിരുന്നു. അവർക്കു വേണ്ട സഹായങ്ങൾ ഈ സ്ത്രീകൾ ചെയ്തുകൊടുത്തു എന്നും ചിന്തിക്കാം. കബറടക്കശേഷം മറ്റുള്ളവർ പോയശേഷവും അവർ കല്ലറയ്ക്കൽ ഉണ്ടായിരുന്നു. "കല്ലറയ്ക്ക് എതിരെ മഗ്ദലക്കാരത്തി മറിയയും മറ്റെ മറിയയും ഇരുന്നിരുന്നു" (മത്താ. 27:61; മർക്കോ. 75:47). വെള്ളിയാഴ്ച സന്ധ്യക്ക് വളരെയധികം ഹൃദയഭാരത്തോടെയായിരിക്കണം അവർ കല്ലറ വിട്ടുപോയത്. പിറ്റേ ദിവസം ശബ്ബത്താകയാൽ അവർ വീട്ടിൽതന്നെ സ്വസ്ഥമായിരുന്നു.

ശബ്ബത്തിനുശേഷം വന്ന ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ച നേരം വെളുക്കും മുമ്പുതന്നെ കർത്താവിന്റെ ശരീരത്തിൽ സുഗന്ധവർഗ്ഗങ്ങൾ പൂശേണ്ടതിന് അവൾ കല്ലറയിലേക്ക് ഓടി. "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ ഇരുട്ടുള്ളപ്പോൾതന്നെ കല്ലറക്കൽ ചെന്നു കല്ലറവായ്ക്കൽനിന്നു കല്ലു നീങ്ങിയിരിക്കുന്നതു കണ്ടു" (യോഹ. 20:1). കല്ലറയുടെ വായ്ക്കൽ വച്ചിരിക്കുന്ന വലിയ കല്ല് മാറ്റി യേശുവിന്റെ ശരീരത്തിൽ തൈലം പൂശുവാൻ തങ്ങളെ

(ശേഷം പേജ് 5–ൽ)

# യോജിക്കേണ്ടും സമയമിത്.....കഴിഞ്ഞലക്കം തുടർച്ച

ടി.പി.ജോർജുകുട്ടി, കോത്തല, ഫോൺ : 9744284563

ഇത് അതിനിവേശപ്രസ്ഥാനങ്ങളുടെയെല്ലാം ചരിത്രമാണ്. മലങ്കര അന്ത്യോഖ്യൻ ബന്ധത്തിൽ പക്ഷെ ഈ അധിനിവേശം ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. കത്തോലിക്കരുമായും പ്രൊട്ടസ്റ്റന്റുമാരുമായും ചെറുത്തുനിൽക്കുവാൻ അന്ത്യോഖ്യൻ സഭ മലങ്കരസഭയ്ക്ക് എല്ലാ വിധത്തിലുമുള്ള സഹായവും നൽകി. അതിന്റെ ഉദ്ദേശം പിടിച്ചെടുക്കലോ കടന്നുകയറ്റമോ ആയിരുന്നില്ല. മലങ്കരയിലെ സഹോദരസഭയ്ക്കുള്ള കൈത്താങ്ങലും അപ്പോസ്തോലിക സഹകരണവും മാത്രമായിരുന്നു.

എന്നാൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസിന്റെ കാലംമുതൽ തന്നെ മലങ്കരയിലെ സമർത്ഥരായ ചില വ്യക്തികൾ അന്ത്യോഖ്യൻ ബന്ധത്തെ ചില വ്യക്തിതാൽപര്യങ്ങൾക്ക് ഉപയോഗിച്ചുതുടങ്ങി. വ്യക്തിതാൽപര്യം എന്നു പറയുമ്പോൾ പൂർണ്ണമായും അതിനെ നിഷേധാത്മകമായി കാണേണ്ടതില്ല. സഭയെ സംബന്ധിച്ച തങ്ങളുടെ ദർശനം നടപ്പിലാക്കുന്നതിനായി അന്ത്യോഖ്യൻ സഭയിൽനിന്നുള്ള പൗരോഹിത്യ നൽവരങ്ങൾ നൽകുന്ന അംഗീകാരവും വിശ്വാസവും ഉപയോഗിക്കാൻ അവർ തുനിഞ്ഞു എന്നു കരുതിയാൽ മതിയാവും. പാലക്കുന്നത്ത് മല്പാന്റെ നവീകരണ കാഴ്ചപ്പാടുകൾക്ക് പ്രായോഗികമായ സാധുത്വവും വികാസവും അംഗീകാരവും ലഭിക്കുന്നത് മാർ അത്താനാസിയോസിന്റെ മെത്രാൻസ്ഥാന സ്ഥിരീകരണത്തിലൂടെയും മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തിലൂടെയുമാണ് എന്ന് കാണാവുന്നതാണ്.

വട്ടിപ്പണക്കേസിന്റെ തുടക്കവും ഒടുക്കവുമെല്ലാം വ്യക്തിതാൽപര്യങ്ങളോടു ബന്ധപ്പെടുത്തി നമുക്ക് എളുപ്പം വായിച്ചെടുക്കാനാവുമെങ്കിലും അതിലും ബന്ധപ്പെട്ട വ്യക്തികൾ ആശയപരമായ ഒരു തലം ഉയർത്തിക്കാട്ടി അന്ത്യോഖ്യ ബന്ധത്തെ ഉപയോഗിക്കുകയാണ് ചെയ്തതെന്നു കാണാൻ കഴിയും. അവിടെയും അന്ത്യോഖ്യൻ സഭയുടെ അനധികൃതമായ ഇടപെടലല്ല ഇവിടുത്തെ നേതാക്കളുടെ വളർന്നുകൊണ്ടിരുന്ന മത്സരം അന്ത്യോഖ്യൻ ബന്ധത്തെ തങ്ങളുടെ താൽപര്യങ്ങളുമായി ബന്ധപ്പെടുത്തി എന്നേയുള്ളു.

ഏറ്റവും ഒടുവിലത്തെ സഭാകേസുകളുടെയും തർക്കങ്ങളുടെയും നിലയും മറ്റൊന്നല്ല. ആരോഗ്യകരമായ ഒരു ബന്ധം 1964–ൽ ഇരുസഭകളും തമ്മിൽ സ്ഥാപിതമായെങ്കിലും വിവേകക്കുറവും വിചാരശൂന്യതയും വഴി എല്ലാം തകിടം മറിഞ്ഞു. മലങ്കരയിലെ നേതൃത്വവും ജനങ്ങളും ഐക്യത്തോടെ നിലനിന്നിരുന്നുവെങ്കിൽ വിവാദപരമായ അന്ത്യോഖ്യൻ നിലപാടുകൾ ഉണ്ടാവുകയില്ലായിരുന്നു. പ.യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ അതിരുകടന്ന പ്രസ്താവനകളും പ്രഖ്യാപനങ്ങളും ഈ മത്സരത്തിന്റെ സ്വാഭാവികമായ പ്രതികരണങ്ങളായിരുന്നു എന്നു നമുക്കറിയാമല്ലോ. അതിലേക്കു നയിച്ച സംഭവവികാസങ്ങൾക്ക് പരസ്പരം പഴി പറഞ്ഞിട്ട് ഒരു കാര്യവും ഇനിയില്ല.

എന്നാൽ ഇന്നു സ്ഥിതിഗതികൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. ചെറുതാണ് സുന്ദരം എന്ന കാഴ്ചപ്പാടിലേക്ക് ആളുകൾ നയിക്കപ്പെടുകയാണ്. ഒന്നായി നിന്നുകൊണ്ടു കാര്യമില്ല, രണ്ടായിതന്നെ പോകാം എന്ന ചിന്ത ശക്തിപ്പെട്ടിരിക്കുകയാണ്.

വിഭജനം വളർച്ചയുടെ വഴിയാണെന്നു വാദിക്കാമെങ്കിലും നിർണായകമായ ഒരു സ്ഥാനത്തുനിന്നുള്ള വീഴ്ചയ്ക്കും അതുവഴി തുറക്കും. അതു മനസ്സിലാക്കിക്കൊണ്ടാണല്ലോ ഇരു വിഭാഗവും ജനസംഖ്യാ കണക്കുകളിൽ ഊതിവീർപ്പിച്ച സമീപനം സ്വീകരിക്കുന്നത്. തങ്ങൾ അവകാശപ്പെടുന്ന സംഖ്യയുടെ നാലിലൊന്നു മാത്രമാണ് ഇരുവിഭാഗത്തിന്റെയും ശേഷി എന്ന കണക്കുകൾ നേതൃത്വത്തിന് അറിയാത്തതല്ല. ഈ കണക്കുകൾ ഇന്നല്ലെങ്കിൽ നാളെ ഇതര സമുദായങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും കണക്കിലെടുക്കും. ന്യൂനപക്ഷത്തെ എല്ലാവരും ഇഷ്ടപ്പെടുമെങ്കിലും യഥാർത്ഥ ന്യൂനപക്ഷത്തെ ആരും പരിഗണിക്കുകയില്ല. കേരളത്തിൽ ക്രിസ്ത്യൻ മുസ്ലീം ജനങ്ങൾ ആകെയുള്ള ജനസംഖ്യയുടെ ഏകദേശം 25 ശതമാനം വീതമുള്ളതിനാലാണ് അവർക്കുവേണ്ടി നിൽക്കാൻ ആളുള്ളത്. ഒരുശതമാനത്തിൽ താഴെവരുന്ന ബുദ്ധരെയോ ജൈനരെയോ അഹമ്മദീയരെയോ ആരെങ്കിലും പരിഗണിക്കുന്നുണ്ടോ. ചുരുക്കത്തിൽ അംഗബലം തന്നെയാണ് ജനാധിപത്യത്തിൽ ശക്തി പകരുന്നത്.

ചുരുക്കത്തിൽ ഇരുസഭകളായുള്ള വളർച്ചയ്ക്ക് പരിമിതികളേയുള്ളു. സഭ ഒന്നായിരിക്കുകയും കൂടുതൽ ഭദ്രാസനങ്ങളും കൂടുതൽ പ്രവർത്തന മേഖലകളും ഉണ്ടാവുകയും ചെയ്യുമ്പോൾ എത്രയോ അധികം സ്ഥാനികളെ – പുരോഹിതന്മാരെയും അത്മായക്കാരെയും ആവശ്യമായി വരികയും ചെയ്യും. നേതാക്കന്മാരുടെ എണ്ണത്തിലുള്ള വർദ്ധന തീർച്ചയായും നമുക്ക് അനുകൂലമായ ഫലങ്ങളേ തരികയുള്ളു. അവർ തമ്മിലുള്ള മത്സരങ്ങൾ ഇനി കൂടുതൽ പിളർപ്പിലേക്ക് നയിക്കാം എന്ന ചിന്തയും ശരിയാവുകയില്ല. വ്യക്തമായി നിർവ്വചിച്ച അന്ത്യോഖ്യൻ ബന്ധത്തിലൂടെയും അത് ഭരണഘടനാപരമായി നിർവ്വഹിക്കപ്പെടുകയും ചെയ്യുമ്പോൾ ഇനി ഒരു ഭിന്നത അസാധ്യം തന്നെയാണ്. 1964–ലെ യോജിപ്പ് കുളമായതുപോലെ ഇനി ഒരിക്കലും സംഭവിക്കുകയില്ല. കാരണം അന്ത്യോഖ്യൻ സഭയുടെ സ്ഥിതിയും ഇന്നു വ്യത്യസ്തമാണ്. യൂറോപ്യൻ രാജ്യങ്ങളിലേക്ക് കുടിയേറിയ സഭാജനങ്ങളുടെ പിന്തുണ ഇന്ന് ശക്തമായി അവർക്കു ലഭിക്കുന്നുണ്ട്. മലങ്കരയിലെ മഞ്ഞളിപ്പിൽ ഇനി അവരുടെ കാഴ്ച പതറുകയില്ല. മലങ്കരയുടെ പിന്തുണ വഴി ലഭിക്കുന്ന ജനസംഖ്യാപരമായ എണ്ണത്തിലുള്ള പ്രയോജനമായിരിക്കും അവർക്കും കൂടുതൽ താൽപര്യം. മലങ്കരയിൽ ഏറെക്കാലം താമസിക്കുകയും മലയാളം എല്ലാ രീതിയിലും മനസ്സിലാക്കുകയും മലങ്കരക്കാരെ എങ്ങനെ ഉപയോഗിക്കാം എന്ന് മുൻകൂട്ടി തീരുമാനിക്കുകയും ചെയ്ത യാക്കോബ് തൃതീയൻ പാത്രിയർക്കീസിൽനിന്നും വ്യത്യസ്തരാണ് ഇപ്പോഴത്തെ പ.സഖാ പ്രഥമൻ പാത്രിയർക്കീസ്. ഇനിയുള്ളവരും അങ്ങനെയേ വരൂ. അത് കാലഘട്ടത്തിന്റെ സൃഷ്ടിപരമായ പ്രക്രിയകളുടെ സൂചനയാണ്.

ചുരുക്കത്തിൽ സഭയിലെ ചർച്ചകൾ രണ്ട് വഴിക്കു മാത്രം നടന്നാൽ മതിയാകും. ആദ്യത്തേത് ഇവിടെയുള്ള സ്ഥാനികളെ എവിടെയെല്ലാം എങ്ങനെയെല്ലാം വിന്യസിക്കാം എന്നത്. രണ്ടു കൂട്ടത്തിലും മുപ്പത്തഞ്ചുവീതം മെത്രാന്മാർ ഉണ്ടാവും എന്ന കരുതലിൽ അത് പരിഗണിക്കണം.

രണ്ടാമത് അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധം വ്യക്തമായി നിർവ്വചിക്കണം. മുൻപു പറഞ്ഞ വിന്യാസത്തിനുശേഷം അത് പ്രശ്നമേ ആവുകയില്ല.

സഭ ഒന്നാവാനും നന്നാവാനും പിന്നെ ഏറെയൊന്നും വൈകില്ല. ഇത്തരം ഭ്രാന്തൻ ചിന്തകൾക്ക് പ്രസക്തിയില്ല എന്നും കരുതേണ്ട. ഏറിയാൽ മൂന്നു വർഷത്തിനകം ഈ വഴിക്കുള്ള ചിന്തകൾ പ്രായോഗികമായി ആരംഭിക്കും. അധികം താമസിയാതെ ഫലം കാണുകയും ചെയ്യും. അതിനു വഴിമരുന്നിടുവാൻ ഇവിടെ തുനിയുന്നുവെന്നു മാത്രം.

ആദ്യം ഉന്നയിക്കപ്പെട്ട അടിസ്ഥാനപരമായ നാല് ചോദ്യങ്ങൾക്കുള്ള സംക്ഷിപ്തമായ ഉത്തരംകൂടി ഇവിടെ വെളിപ്പെടുത്തേണ്ടതുണ്ടല്ലോ.

1. ഇനി ഒരു യോജിപ്പ് ഉണ്ടായാൽ അത് വീണ്ടും ഇല്ലാതാവുകയില്ല. അതിനുള്ള സാഹചര്യങ്ങൾ ഈ കാലഘട്ടത്തിൽ ഉരുത്തിരിയുകയോ വളരുകയോ ചെയ്യാൻ എളുപ്പമല്ല.

(ശേഷം പേജ് 5–ൽ)

# 12-09-2017-ലെ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി യോഗം ചോദ്യോത്തരങ്ങൾ...പേജ് 1-ൽനിന്ന്

മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കുന്ന രീതിയാണ് ചില മെത്രാസനങ്ങളിൽ നിലവിലുള്ളത്. എല്ലാ മെത്രാസനങ്ങളും ഇത് അനുവർത്തിക്കുന്നതിനുള്ള നിർദ്ദേശം ഭരണഘടനാനുസൃതമായി നൽകാവുന്നതല്ല.

3. മെത്രാസന സെക്രട്ടറിമാരെ സഭയുടെ വർക്കിംഗ് കമ്മിറ്റിയിലേക്ക് ക്ഷണിക്കുന്ന മുമ്പുണ്ടായിരുന്ന രീതി ഇടക്കാലത്തു നിന്നുപോയതു പുനസ്ഥാപിക്കുന്നതു നല്ലതല്ലേ?

ആവശ്യം വരുന്നപക്ഷം മെത്രാസന സെക്രട്ടറിമാരെ പ്രത്യേക ക്ഷണിതാക്കളായി വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടുപ്പിക്കുക എന്ന നടപടി തുടരുന്നതാണ്.

4. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയോഗത്തിന്റെ പരിഗണനയ്ക്കായി അംഗങ്ങളിൽനിന്നും ലഭിക്കുന്ന ചോദ്യങ്ങളും പ്രമേയങ്ങളും പരിശോധിക്കുന്നതിന് മുൻകാലത്തുണ്ടായിരുന്നുപോലെയുള്ള ഉപസമിതി ഇപ്പോൾ നിലവിലുണ്ടോ?

ചോദ്യോത്തരങ്ങളും പ്രമേയങ്ങളും പരിശോധിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചേ മതിയാകൂ എന്ന് 36-ാം ക്ലോസ് നിഷ്കർഷിക്കുന്നില്ല. ഇപ്പോൾ അപ്രകാരമൊരു സമിതി നിലവിലില്ല.

### ഫാ.ചെറിയാൻ റ്റി.സാമുവൽ

1. മാനേജിംഗ് കമ്മിറ്റി ഉപസമിതികൾ ഓരോന്നിന്റെയും ഉത്തരവാദിത്വങ്ങളും അവ കൂടുന്ന സമയങ്ങളും വിശദമാക്കാമോ? വർഷത്തിലൊരിക്കലെങ്കിലും കൂടാൻ കഴിയുന്നില്ലെങ്കിൽ അങ്ങനെയുള്ള ഉപസമിതികൾക്ക് എന്ത് പ്രസക്തി? വിളിച്ചുകൂട്ടാൻ സാധിക്കാത്ത ഉപസമിതികൾ പിരിച്ചുവിടുന്നതിന് നടപടിയുണ്ടാകുമോ? അല്ലായെങ്കിൽ എല്ലാ ഉപസമിതികളും വർഷത്തിലൊരിക്കലെങ്കിലും കൂടുന്നതിന് നടപടിയുണ്ടാകുമോ?

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഭരണഘടനാപരമായ അതിന്റെ ചുമതലകൾ കൃത്യമായി നിറവേറ്റുന്നതിനുമുള്ള നടപടിക്രമങ്ങളുടെ ഭാഗമായാണ് ഉപസമിതികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഉപസമിതികളുടെ സമ്മേളനം ആവശ്യാനുസരണം ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2. ഉപസമിതികളെടുക്കുന്ന എല്ലാ തീരുമാനങ്ങളും മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കാറുണ്ടോ? ഉണ്ടെങ്കിൽ അവയുടെ മാനദണ്ഡമെന്ത്?

ഉപസമിതികൾക്ക് ലഭ്യമായ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് കൈക്കൊള്ളുന്ന തീരുമാനങ്ങൾ ഓരോന്നും നിർബന്ധമായും മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കണമെന്നില്ല. എന്നാൽ നയപരമായും ബന്ധപ്പെട്ട ഭരണഘടനാവകുപ്പുകൾക്കനുസരിച്ചുള്ളവയുമായ നിശ്ചയങ്ങൾ മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടേണ്ടതുണ്ട്.

3. നമ്മുടെ സഭയുടെ തദ്ദേശീയതയും സ്വയം ശീർഷകത്വവുമണല്ലോ അടിസ്ഥാനപരമായി ബഹു.സുപ്രീംകോടതി അംഗീകരിച്ചിരിക്കുന്നത്. ഈ മണ്ണിൽ ജനിച്ച് പ.സഭയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ ഉൾപ്പെടെയുള്ള പിതാക്കന്മാരെ അഞ്ചാം തുബ്ദേനിൽ സ്മരിച്ചുകൊണ്ട് ആരാധനയിലെ തദ്ദേശീയത അല്പമെങ്കിലും നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സാധിക്കുമോ?

പ.എപ്പിസ്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കാവുന്നതാണ്.

### അജി വർഗീസ്

1. കാലാകാലങ്ങളിൽ കാതോലിക്കേറ്റ് ആന്റ് എം.ഡി. സ്ക്കൂൾസ് കോർപറേറ്റ് മാനേജുമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത തുക അനുവദിക്കാറുണ്ടല്ലോ. ഈ തുകയുടെ വിനിയോഗം നിർമ്മാണ പ്രവർത്തനങ്ങൾക്കു മാത്രമാണോ? അതോ അറ്റകുറ്റപണികൾക്കായും ചിലവാക്കാറുണ്ടോ? നമ്മുടെ ചില സ്ഥാപനങ്ങളുടെ അവസ്ഥ അതിദയനീയമായി (കുമ്മായം കാണാത്ത ചുവരുകളും, സ്ഥാപനത്തോടൊപ്പം കാലപ്പഴക്കമുള്ള ഇരിപ്പിടങ്ങളും) കണ്ട ഒരു പശ്ചാത്തലത്തിലാണ് ഈ ചോദ്യം?

ഇപ്രകാരം തുക ഇപ്പോൾ ലഭിക്കുന്നില്ല. ദൈനംദിന സ്കൂൾ മാനേജുമെന്റ് ഫണ്ടിൽനിന്നും നിർവ്വഹിച്ചുവരുന്നു. വൻ ചിലവുവരുന്ന നിർമ്മാണവും അറ്റകുറ്റപണികളും പൊതുസമൂഹത്തിന്റെയും പൂർവ്വവിദ്യാർത്ഥികളുടെയും പി.റ്റി.എ.യുടെയും സഹകരണത്തോടെ ഘട്ടംഘട്ടമായും സമയബന്ധിതമായും നിർവ്വഹിക്കാൻ പുതിയ ബോർഡ് പദ്ധതി രൂപീകരിച്ചുവരുന്നു.

2. സുപ്രീംകോടതിവിധിയുടെ പശ്ചാത്തലത്തിൽ അവ നടത്തി എടുക്കുന്നതിനും, നിജസ്ഥിതി അധികാരകേന്ദ്രങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമായി ഒരു പ്രത്യേക കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ടോ?

തെരഞ്ഞെടുത്തിട്ടില്ല.

### ഫാ.മത്തായി കുന്നിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസങ്ങൾ ഉൾപ്പെട്ട് (പ.സഭ അംഗീകരിച്ചിട്ടുളളവ വി.വേദ ഗ്രന്ഥങ്ങൾ ഉൾപ്പെട്ട) വി.വേദപുസ്തകത്തിന്റെ പൂർണ്ണരൂപം - അതിന്റെ പണിപ്പുരയിലാകുന്നു എന്ന് അറിയാം. പൂർത്തീകരണം എന്നു നടക്കും?

ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ വിവർത്തനവും പരിശോധനയും പുരോഗമിക്കുന്നത് ചീഫ് എഡിറ്റർ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിറ്റിയുടെ ചുമതലയിലാണ്. വിവർത്തനവും പരിശോധനയും പൂർത്തീകരിച്ച് പ.സുന്നഹദോസിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്ന മുറയ്ക്ക് മാത്രമാണ് സ്റ്റഡി ബൈബിൾ പ്രസിദ്ധീകരിക്കുവാൻ സാധിക്കുക. ഈ പവിത്രമായ പദ്ധതിക്ക് സാമ്പത്തികം, ഓഫീസ്, മറ്റ് ക്രമീകരണങ്ങൾ എന്നിവ. എം.ജി.ഒ.സി.എസ്.എം. നൽകുന്നു. വിവർത്തനവും പരിശോധനയും പൂർത്തിയാക്കി പ്രസിദ്ധീകരണയോഗ്യമായ രീതിയിൽ 27 പുസ്തകങ്ങളുടെ ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റ് പഴയ നിയമ പുസ്തകങ്ങളുടെയും പുതിയ നിയമപുസ്തകങ്ങളുടെയും വിവർത്തനവും പരിശോധനയും പുരോഗമിക്കുന്നു.

### ഷാലു ജോൺ

1. ജൂലൈ 3-ലെ ബഹു.സുപ്രീംകോടതിയുടെ അന്തിമവിധി വന്നതിനുശേഷം, വിധി നടപ്പാക്കുന്നതിലേക്കായി സർക്കാരിന്റെ സഹായം രേഖാമൂലം സഭാനേതൃത്വത്തിൽനിന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ല.

2. ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ചോദ്യം പ്രസക്തമല്ല.

3. സഭാതർക്കവുമായി ബന്ധപ്പെട്ടിട്ടുള്ള ഇടവകകളിൽ എത്ര എണ്ണത്തിൽ ഓർത്തഡോക്സ് വിഭാഗത്തിന് വി.കുർബ്ബാനയും ശുശ്രൂഷയും നടത്തുവാൻ സാധിച്ചിട്ടുണ്ട്?

5സ്ഥലങ്ങളിൽ. സുപ്രീംകോടതിവിധിയിൽ പ്രത്യേകമായി പരാമർശിച്ചിട്ടുള്ള 5 ഇടവകകളിലും വി.കുർബ്ബാനയും ശുശ്രൂഷകളും നടത്തുന്നു.

4. കൊല്ലം മെത്രാസനത്തിൽപ്പെട്ട കുണ്ടറ സെന്റ് തോമസ് യാക്കോബായ ഓർത്തഡോക്സ് പള്ളിയിലും, മുഖത്തല സെന്റ് സ്റ്റീഫൻസ് ഇടവകയിലും 1934-ലെ ഭരണഘടന പ്രകാരം ജൂലൈ 3-ലെ സുപ്രീംകോടതിവിധി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇക്കാര്യത്തിൽ സഭാനേതൃത്വത്തിൽനിന്ന് എന്ത് സഹായം പ്രസ്തുത ഇടവകകൾക്ക് നൽകുവാൻ കഴിയും?

മെത്രാസന നേതൃത്വത്തിന്റെ അനുമതിയോടെ ഇടവകകൾ കൈക്കൊള്ളുന്ന ഭരണഘടനാനുസൃതമായ എല്ലാ നടപടികൾക്കും സഭാനേതൃത്വം പൂർണ്ണ പിന്തുണ നൽകുന്നതാണ്.

5. വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് നടപടി എത്ര ഇടവകകളിൽ ഉണ്ടായിട്ടുണ്ട്? അവിടങ്ങളിലെ ഇപ്പോഴത്തെ സ്ഥിതിവിശേഷം എന്താണ്?

എല്ലായിടത്തും പോലീസ് നടപടി ഉണ്ടായിട്ടുണ്ട്. കോലഞ്ചേരി, വരിക്കോലി, കണ്യാട്ടുനിരപ്പ് എന്നിവിടങ്ങളിൽ പോലീസ് ഇടപെടൽ മൂലം വിധി നടപ്പാക്കൽ നടപടികൾ ശാന്തമായി നടന്നു. നെച്ചൂർ, മണ്ണത്തൂർ എന്നിവിടങ്ങളിലെ പോലീസ് പ്രൊട്ടക്ഷൻ കേസുകൾ വിധിപറയാൻ മാറ്റിവച്ചിരിക്കുന്നു.

### ഐ.സി.ചെറിയാൻ

1. കർണ്ണാടകയിലെ കുശാൽനഗർ വസ്തുവിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട രേഖകൾ എല്ലാം ശരിയായോ? അതിന്റെ വിൽക്കുന്ന കാര്യം എന്തായി?

കുശാൽ നഗർ വസ്തു സംബന്ധിച്ച് കർണ്ണാടകത്തിലെ വിവിധ സർക്കാർ ഓഫീസുകളുടെ ചുമതയിൽ സൂക്ഷിക്കേണ്ട രേഖകൾ പലതും ലഭ്യമായിരുന്നില്ല. അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. ഈ പ്രക്രിയ പൂർണ്ണമാകുന്നതോടെ വസ്തു വില്പനയ്ക്കുള്ള ക്രമീകരണങ്ങളിലേക്ക് പ്രവേശിക്കാൻ കഴിയും.

2. പരുമലയിൽ പുതിയതായി പണികഴിപ്പിച്ച സെന്റ്ഗ്രിഗോറിയോസ് കാൻസർ കെയർ സെന്ററിന്റെ പണിക്കുവേണ്ടി ബാങ്കിൽനിന്നും എടുത്ത ലോണിന്റെ പലിശയും മുതലും കൃത്യമായി അടയ്ക്കുന്നുണ്ടോ?

ഇതുവരെ എടുത്തിട്ടുള്ള ബാങ്ക് ലോണുകളുടെ പലിശയും മുതലും 2017 ആഗസ്റ്റ് മാസം വരെയുള്ള തവണകൾ പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ട്.

3. കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിലെ സ്ക്കൂൾ ബോർഡിന്റെ സെലക്ഷൻ ക്യാൻസൽ ആയതായി അറിയാൻ സാധിച്ചു. അങ്ങനെയെങ്കിൽ എന്തുകാരണത്താലാണ് ക്യാൻസൽ ചെയ്തത്?

കഴിഞ്ഞ സ്ക്കൂൾ ബോർഡിന്റെ കാലത്ത് രൂപീകരിക്കപ്പെട്ട സെലക്ഷൻ ലിസ്റ്റ് കാൻസൽ ചെയ്തിട്ടുണ്ട്. മൂന്നിലധികം വർഷം കഴിഞ്ഞതിനാലാണ് ലിസ്റ്റ് കാൻസൽ ചെയ്തത്.

### തോമസ് ജോൺ

1. സഭയുടെ വട്ടിപ്പണത്തിന്റെ ഇപ്പോഴത്തെ നിജസ്ഥിതി എന്ത്?

വട്ടിപ്പണം സർക്കാർ ട്രഷറിയിലാണ് സ്ഥിതിചെയ്യുന്നത്.

2. ഈ വട്ടിപ്പണത്തിന്റെ പലിശ സമയാസമയങ്ങളിൽ സഭയ്ക്ക് ലഭ്യമാക്കുന്നുണ്ടോ? അതിന്മേലുള്ള നടപടികൾ എന്തെല്ലാം?

വട്ടിപ്പണത്തിന്റെ പലിശ വർഷങ്ങളായി ലഭിക്കുന്നില്ല. ലഭ്യമാക്കുന്നതിനായുള്ള രേഖകൾ സമാഹരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### ഫാ.മാത്യൂസ് റ്റി.ജോൺ

1. ഇടവകപൊതുയോഗത്തിൽ പങ്കെടുക്കുവാനുള്ള മാനദണ്ഡമായ വി.കുമ്പസാരത്തിന്റെ സമയപരിധി തീരുമാനിക്കുന്നത് ആര്? അതു സംബന്ധിച്ച് എം.ഒ.എസ്.സി. ഭരണഘടന വ്യക്തതയുണ്ടോ?

ഭരണഘടനയുടെ ഏഴാം വകുപ്പ് ഇത് വ്യക്തമാക്കിയിട്ടുണ്ട്.

പൊതുയോഗലിസ്റ്റിൽ പേര് ഉൾപ്പെടുത്തുവാൻ വേണ്ടി വികാരിയുടെ സാക്ഷ്യപത്രം ഇല്ലാതെ മറ്റൊരു ദേവാലയത്തിൽ വി.കുമ്പസാരം നടത്തി, ടി.ദേവാലയത്തിൽ വികാരിയുടെ കത്തുമായി വന്നാൽ സ്വീകരിക്കേണ്ടത് ഉണ്ടോ? നിലവിൽ സഭാ ട്രൈബ്യൂണൽ ഇതുസംബന്ധിച്ച് വിധി പുറപ്പെടുവിച്ചിട്ടുണ്ടോ?

പ.സഭയുടെ മറ്റൊരു ഇടവകയിൽ ഇടവക വികാരിയുടെ അറിവോടും സമ്മതത്തോടും കൂടെ വി.കുമ്പസാരം നടത്തി രേഖ ഹാജരാക്കുന്നവരുടെ പേര് ലിസ്റ്റിൽ ചേർക്കാവുന്നതാണ് (ഭരണഘടന വകുപ്പ് 7 കാണുക).

2. ഇടവകാംഗമെന്ന നിലയിൽ മാതൃദേവാലയത്തിൽ ഇടവക പൊതുയോഗ ലിസ്റ്റിൽ വൈദികരുടെ പേര് ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ?

ഭരണഘടനാപരമായി തടസ്സങ്ങൾ ഒന്നുമില്ല.

വൈദികന്റെ പേര് ടി.ദേവാലയത്തിൽ വി.കുമ്പസാര രജിസ്റ്ററിൽ വരാത്തത് ഇതിന് തടസ്സമാകുന്നുണ്ടോ?

ഇടവകയോഗാംഗത്വത്തിന് തടസ്സമാകുന്നതാണ്. ഭരണഘടനപ്രകാരം അർഹത തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ ഇടവക രജിസ്റ്റർ, മാസവരി രജിസ്റ്റർ, വി.കുമ്പസാര രജിസ്റ്റർ എന്നിവയാണ്.

3. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റികൾ അവലംബിക്കുന്ന രീതിപോലെ ഇടവകപൊതുയോഗത്തിലും അംഗങ്ങളുടെ ചോദ്യങ്ങൾ നിജപ്പെടുത്തുവാൻ സാധ്യമാണോ? (ഉദാ: ഒരംഗത്തിന് പരമാവധി 5 ചോദ്യം എന്ന നിലയിൽ) ഇല്ലെങ്കിൽ ഇതിനൊരു തീരുമാനം ഉണ്ടാക്കാൻ സാധിക്കുമോ?

ഇടവകയോഗങ്ങൾ നടപ്പാക്കുന്നത് സഭാമാനേജിംഗ് കമ്മിറ്റിയുടെ റൂൾസ് ഓഫ് പ്രൊസീഡിയർ അനുസരിച്ചല്ല. ഇടവക പൊതുയോഗത്തിൽ രേഖാമൂലം ചോദ്യങ്ങൾ ഉന്നയിക്കുന്ന പതിവില്ല.

(തുടരും)

### ചിതറിയ ചിന്തകൾ
# ബേത്സബൂൽ അഥവാ ഈച്ചകളുടെ രാജാവ്

റവ.ജോണി ജോർജ്ജ് കോർഎപ്പിസ്കോപ്പാ

ഭൂതങ്ങളുടെ തലവൻ എന്നാണ് സാധാരണ ബേത്സബൂലിന് അർത്ഥംകൊടുത്തുകാണുന്നത്. ദ്വയാർത്ഥമുള്ള ഒരു പ്രയോഗമാണിത്. പഴയനിയമത്തിൽ ബേത്സബൂബ് എന്നാണ്. എക്രോനിൽ മനുഷ്യർ ആരാധിച്ചിരുന്ന ഒരു ഫിലിസ്റ്റയിൻ ദേവനായിരുന്നു ബാൽസെബൂബ് (2രാജാ.1:2). ബാൽ നിയന്ത്രിക്കുന്നവനാണ്, വസിക്കുന്നവനാണ്. ഇവിടെ അർത്ഥമാക്കുന്നത് ഒന്നുകിൽ ഈ ദേവൻ ഈച്ചകളിൽ വസിച്ചുകൊണ്ട് മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്നവനാണ്, അല്ലെങ്കിൽ ഈച്ചകളെ വർദ്ധിപ്പിക്കുന്നവനും വ്യാധികളെ പരത്തുന്നവനുമാണ് എന്നത്രെ. മനുഷ്യജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നവനാണ് ബാൽസെബൂബ്. രോഗങ്ങൾക്ക് ആധാരമായിരിക്കുന്നത് പിശാചിന്റെ പ്രവർത്തനം മൂലമാണെന്ന് യേശുക്രിസ്തുവിന്റെ കാലത്തുതന്നെ വിശ്വസിച്ചിരുന്നുവല്ലോ.

ഡങ്കിപ്പനി, ചിക്കൻഗുനിയ, കോളറ, മഞ്ഞപിത്തം തുടങ്ങിയ രോഗങ്ങൾ ശാസ്ത്രീയമായി പുരോഗതി പ്രാപിച്ചിട്ടും ഇന്നും സർവ്വസാധാരണമാണ്. അവ അനേകം ആളുകളുടെ ജീവൻ അപഹരിക്കുന്നു. കൊതുകും വയറസ്സും ഈച്ചയുമെല്ലാം രോഗം പരത്തുന്നു എന്ന് നമുക്കറിയാം. അവ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നു, നാശത്തിന്റെ വഴിയിലേക്ക്. അവയെല്ലാം പ്രകൃതിയിൽ കണ്ടുവരുന്ന ജീവികളാണ്. എന്നാൽ മനുഷ്യൻ കണ്ടുപിടിച്ച രാസായുധങ്ങളും വിഷപദാർത്ഥങ്ങളും ലക്ഷക്കണക്കിന് ആളുകളെയാണ് രോഗത്തിനും മരണത്തിനും ഇരകളാക്കുന്നത്. ഹിരോഷിമായും നാഗസാക്കിയും ഭോപ്പാലും ഇറാഖും സിറിയയും എന്തിന് എൻഡോസൾഫാന് ഇരകളായ മലബാർ പ്രദേശവാസികളുമെല്ലാം ബേത്സബൂബ് ബാധിച്ചവരുടെ ക്രൂരവിനോദത്തിന്റെ ഇരകളാണ്. സൈബർ ക്രൈമിന് നേതൃത്വം കൊടുക്കുന്നവരും ബേത്സബൂബന്മാരല്ലേ?

ഈയടുത്തകാലത്ത് പഞ്ചാബിലും ഹരിയാനയിലുമെല്ലാം പൊട്ടിപ്പുറപ്പെട്ട അക്രമസംഭവങ്ങൾ മൂന്ന് ഡസനിലേറെ ആളുകളുടെ ജീവൻ അപഹരിച്ചു. പല ട്രെയിനുകളും മറ്റു വാഹനങ്ങളും തല്ലിത്തകർക്കുകയോ തീവെച്ച് നശിപ്പിക്കുകയോ ചെയ്തു. എന്തിനുവേണ്ടി. ലക്ഷക്കണക്കിന് അനുയായികളുടെ പിൻബലമുള്ള ഒരു മതസംഘടനയുടെനേതാവിനെ കൊലപാതകങ്ങളും ബലാൽസംഗവും നടത്തിയ കുറ്റത്തിന് ഹൈക്കോടതിവിധി പ്രകാരം അറസ്റ്റുചെയ്തു ജയിലിലാക്കിയതിന്. ലോകമതങ്ങളെല്ലാം പഠിപ്പിക്കുന്നത് സ്നേഹത്തെക്കുറിച്ചാണ്. കുടുംബജീവിതം നയിക്കുന്ന ഭാര്യയും പെൺമക്കളുമുൾപ്പെടുന്ന മതനേതാവ് ബലാൽസംഗകേസിൽ ശിക്ഷിക്കപ്പെട്ടാൽ അക്രമം അഴിച്ചുവിട്ടാൽ അത് ഈച്ചകുടെ രാജാക്കന്മാർ തേർവാഴ്ച നടത്തുന്നതുകൊണ്ടല്ലേ?

11,12,13 ശതാബ്ദങ്ങളിൽ കുരിശുയുദ്ധങ്ങളുടെ കാലമായിരുന്നു. ക്രിസ്തുവിന്റെ ജീവിതവും ക്രൂശുമരണവും ഉയിർപ്പും നടന്ന പുണ്യസ്ഥലങ്ങൾ - പ്രത്യേകിച്ച് യെരുശലേം - മുഹമ്മദീയരുടെ കയ്യിൽനിന്ന് വീണ്ടെടുക്കാനുള്ള ശ്രമം മൂലം ക്രിസ്തീയ വിശ്വാസത്തിന് പാശ്ചാത്യലോകത്ത് വലിയ ആത്മീയ ഉണർവ്വുണ്ടായി എന്നത് ഒരു സത്യമാണ്. അതേ സമയത്ത് ദോഷവശങ്ങളും ഏറെയായിരുന്നു. അധികാരത്തിനും സമ്പത്തിനും വേണ്ടി നടത്തിയ അക്രമങ്ങളിൽ ക്രിസ്തീയ മൂല്യങ്ങൾ തകർന്നും നഷ്ടപ്പെട്ടും പോയ അനുഭവമാണ് യൂറോപ്പിലാകമാനം കാണപ്പെട്ടത്. അതിന്റെ അലയടികളും അടിയൊഴുക്കുകളും ഇന്നും ലോകമെമ്പാടുമുള്ള സഭകളിൽ കാണപ്പെടുന്നുണ്ട്. മലങ്കരസഭയിലെ കക്ഷിവഴക്കുകളെയും സുപ്രീംകോടതിവിധിയോടുള്ള പ്രതികരണത്തേയും ഈ രീതിയിലാണ് വിലയിരുത്തേണ്ടത്. നമ്മെ നയിക്കുന്നതാര്? പരിശുദ്ധാത്മാവോ അതോ ഈച്ചകളുടെ രാജാക്കന്മാരോ?

# സ്നേഹസന്ദേശം കുവൈറ്റിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ സഞ്ചാര സുവിശേഷ വിഭാഗമായ സ്നേഹസന്ദേശത്തിന്റെ ശുശ്രൂഷകൾ കുവൈറ്റ് മാർ ഗ്രിഗോറിയോസ് മഹായിടവകയിൽ എട്ടുനോമ്പിനോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ എട്ടുവരെ ശുശ്രൂഷകൾ നടത്തി. ഗാനശുശ്രൂഷ, വചനശുശ്രൂഷ, പഠനക്ലാസ്സുകൾ എന്നിവ ക്രമീകരിച്ചിരുന്നു. ഫാ.ഗീവർഗീസ് കെ.കെ., ഫാ.ഷിബു ടോം വർഗീസ്, ഫാ.വി.ജെ.ജോയിസ്, ഫാ.വിജു വർഗീസ്, ബ്രദർ ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

## കാതോലിക്കേറ്റ്....പേജ് 1-ൽനിന്ന്

ട്ടറി ആൻസ് വി.തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

സഭാകവി സി.പി.ചാണ്ടി സ്മാരക ഓഡിയോ സിഡി പ്രകാശനം ചെയ്തു. സഭാചരിത്രത്തെപ്പറ്റി ദുബായ് യൂണിറ്റ് ഡോക്യുമെന്ററി പ്രദർശനം നടത്തി. സമ്മേളനത്തിനു മുമ്പ് ചെണ്ടമേളം, ബാന്റ്സെറ്റ്, ഫ്ളോട്ടുകൾ എന്നിവയുടെ റാലി ഉണ്ടായിരുന്നു. സണ്ടേസ്കൂൾ കുട്ടികൾ യു.എ.ഇയിലെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## ഡോ.വർഗീസ് പേരയിൽ എം.ജി.ഒ.സി.എസ്.എം. സീനിയർ വൈസ് പ്രസിഡന്റ്



കോട്ടയം സഭാ മാനേജിംഗ് കമ്മിറ്റി അംഗം ഡോ.വർഗീസ് പേരയിലിനെ എം.ജി.ഒ.സി.എസ്.എം. സീനിയർ വൈസ് പ്രസിഡന്റായി നിയമിതനായി.

## പ്രൊഫ.എം.ഇ.കുര്യാക്കോസ് എം.ഒ.സി. കോളജ് സെക്രട്ടറി



എം.ഒ.സി. കോർപറേറ്റ് കോളജ് സെക്രട്ടറിയായി പാമ്പാടി കെ.ജി.കോളജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ.എം.ഇ.കുറിയാക്കോസിനെ പ.കാതോലിക്കാ ബാവാ നിയമിച്ചു.

## യോജിക്കേണ്ടും സമയമിത്.....പേജ് 3-ൽനിന്ന്

2. സഭയുടെ പ്രവർത്തനം വേണ്ടവിധത്തിലാവുമ്പോൾ മേൽനോട്ടക്കാരുടെ എണ്ണം തികയാതെ വരികയേയുള്ളു. ഒരു നൂറു മെത്രാന്മാർക്ക് ചെയ്യാനുള്ള കാര്യം നമ്മുടെ രാജ്യത്തുണ്ട്.

3. വൈകാരികമായ യോജിപ്പ് ക്രമേണയെങ്കിലും ശക്തിപ്പെടുന്നതോടുകൂടി ഇന്നലത്തെ വിടുവായിത്തരങ്ങളൊക്കെ തമാശയായി മാത്രമേ അനുഭവപ്പെടുകയുള്ളൂ.

4. മാർത്തോമ്മാ സിംഹാസനവും പാത്രിയർക്കീസിന്റെ പരമാധികാരവും പുതിയ വിശുദ്ധന്മാരുടെ പ്രഖ്യാപനവുമൊന്നും അടിസ്ഥാനപരമായ പ്രശ്നങ്ങളല്ല. അതിനുള്ള ഫോർമുലകൾ കണ്ടെത്താനും നടപ്പിലാക്കാനുമുള്ള ശേഷി ഇരുവിഭാഗത്തിന്റെയും നേതൃത്വത്തിനുണ്ട്.

ചുരുക്കത്തിൽ യോജിപ്പിനുള്ള ചിന്ത അടിത്തട്ടിൽ നിന്നുണ്ടായിക്കഴിഞ്ഞാൽ ഇനി അതിനെ തടയുവാൻ ആർക്കും സാധിക്കില്ല. ഏതാനും വർഷങ്ങൾക്കൂടി ചിലപ്പോൾ ഒന്നും സംഭവിക്കാതെ കടന്നുപോകും. എങ്കിലും രണ്ടായിരം വർഷങ്ങളായി ഈ മണ്ണിൽ നിലനിൽക്കുന്ന പൗരസ്ത്യ ആദ്ധ്യാത്മികതയുടെ തളിരുകൾ പുഷ്ടിപ്രാപിക്കുക തന്നെ ചെയ്യും. ലോകത്തു തന്നെ ന്യൂനപക്ഷമായിക്കൊണ്ടിരിക്കുന്ന ഓറിയന്റൽ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പുതുശക്തിക്ക് കരുത്തുപകരുക മലങ്കരയിലെ മണ്ണായിരിക്കും എന്നതിൽ സംശയം വേണ്ട. കാരണം ഭാരതീയ സംസ്ക്കാരം ഉൾക്കൊണ്ടിട്ടുള്ള ഇവിടുത്തെ ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്കു മാത്രമേ ആഗോള ക്രൈസ്തവ ലോകം ഇനി നേരിടാൻ പോവുന്ന പ്രശ്നങ്ങൾക്കു മറുപടി നൽകുവാൻ സാധിക്കൂ.

ഇന്ന് നമ്മുടെ ഇടയിൽ രൂപംകൊണ്ടിരിക്കുന്ന നവ ആത്മീയ പ്രസ്ഥാനങ്ങൾ ഒരു രോഗമല്ല, രോഗലക്ഷണമാണ്. അതേസമയം സമൂഹം നേരിടുന്ന ചില ഭൗതിക പ്രശ്നങ്ങൾക്ക് ഇത്തരം കൂട്ടയോട്ടമാനിയ നൽകുന്ന താൽക്കാലികശമനം വ്യക്തമായ ചില സൂചനകളും നൽകുന്നുണ്ട്. അത് ഇതാണ്.

1. ആദ്ധ്യാത്മിക അടിത്തറയിൽനിന്നുകൊണ്ടുമാത്രമേ ആധുനിക ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവൂ.

2. പരമ്പരാഗതമായ ശൈലിയുടെ പോരായ്മകളും ആവർത്തന വിരസതകളും പരിഹരിച്ചുകൊണ്ടുള്ള ആരാധനയിലൂടെ സഭ ജനങ്ങളെ എല്ലാ തരത്തിലും സ്വാധീനിക്കണം.

3. പുതുക്കുകയും പുർത്തീകരിക്കുകയും ചെയ്യുന്ന നമ്മുടെ വിശ്വാസവും പാരമ്പര്യവും പുതിയ ലോകത്തിനു പുതിയ തുരുത്തിയിലൂടെ പകരേണ്ടത് നമ്മുടെ ദൗത്യമാണ്. അതിനാണ് നമ്മെ ഇവിടെ നിലനിർത്തിയിരിക്കുന്നത്.

## തിരുവേദ വനിതകൾ...പേജ് 3-ൽനിന്ന്

ആരു സഹായിക്കും എന്ന ആശങ്കയോടെയാണ് അവൾ അവിടേക്കു ചെന്നത്. എന്നാൽ അതിശയകരമായി കല്ല് മാറ്റപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ശരീരം അവിടെ കാൺമാനുമില്ല.

കർത്താവിന്റെ ശരീരം അവിടെനിന്നും ആരോ എടുത്തുകൊണ്ടുപോയി എന്നു ഭയപ്പെട്ടിട്ട് അവൾ അവിടെനിന്നും ഓടി ശിഷ്യന്മാരെ അറിയിക്കുന്നു. ഉടൻതന്നെ പത്രോസും യോഹന്നാനും കല്ലറയ്ക്കലേക്കു തിരിച്ചു. അവർ വന്നു കല്ലറയ്ക്കുള്ളിൽ പ്രവേശിച്ചു നോക്കിയാറെ കർത്താവിന്റെ ശരീരം മൂടിയിരുന്ന ശീലകൾ അവിടെകിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടെ കിടക്കാതെ വേറിട്ടു ഒരിടത്തു ചുരുട്ടി വച്ചിരിക്കുന്നതും കണ്ടു. യേശു മരിച്ചവരിൽനിന്നും മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കും എന്നു പറഞ്ഞ വാക്കുകൾ അപ്പോഴാണവർക്കു വിശ്വാസമാകുന്നത്.

ശിഷ്യന്മാർ പോയശേഷവും മറിയ കല്ലറയ്ക്കൽ കരഞ്ഞുകൊണ്ടു നിന്നു. അവൾ വീണ്ടും കല്ലറയിലേക്കു നോക്കിയപ്പോഴാണ് വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരാൾ കല്ലറയുടെ തലയ്ക്കലും ഒരാൾ കാൽക്കലുമായി ഇരിക്കുന്നതു കണ്ടത്. അവർ അവളോട് താൻ എന്തിനാണു കരയുന്നത് എന്നു ചോദിച്ചു. യേശുവിനെ ആരോ എടുത്തുകൊണ്ടുപോയി എവിടെ വച്ചു എന്ന് അറിയുന്നില്ല എന്നു അവൾ പറഞ്ഞു. അവൾ തിരിഞ്ഞു നോക്കിയപ്പോൾ ഒരാൾ അവിടെ നിൽക്കുന്നു. അത് യേശു ആണെന്നറിയാതെ അവൾ അന്തിച്ചുനിൽക്കുമ്പോൾ യേശു അവളോട് താൻ എന്തിനാണു കരയുന്നത് എന്നു ചോദിച്ചു. അയാൾ തോട്ടക്കാരനാണെന്നു വിചാരിച്ചുകൊണ്ട് അവൾ പറയുകയാണ്. "യജമാനനെ നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ അവനെ എവിടെ വച്ചു എന്നു പറഞ്ഞുതരിക; ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം. " (യോഹ. 26:15) യേശുവിന്റെ "മറിയയേ" എന്ന വിളി കേട്ടപ്പോഴാണ് അത് യേശു ആണെന്നു അവൾ അറിയുന്നത്. 'റബ്ബൂനി' എന്ന മറുപടി അവളുടെ അടങ്ങാത്ത സ്നേഹവായ്പിനെ വെളിപ്പെടുത്തുന്നു.

അവൾക്കു ഉത്ഥിതനായ ക്രിസ്തു വെളിപ്പെട്ടു എന്ന സത്യം ശിഷ്യന്മാരെ അറിയിക്കുക എന്ന ദൗത്യമാണ് ലഭിക്കുന്നത്. അങ്ങനെ ഉത്ഥിതനായ ക്രിസ്തുവിനെ കാണുവാനും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ചു മറ്റുള്ളവരോടു അറിയിക്കുവാനുമുള്ള ദൗത്യം അവൾക്കാണ് ആദ്യം ലഭിക്കുന്നത്. അവൾ ക്രിസ്തുവിനെ എല്ലാവരെക്കാളും അധികം സ്നേഹിച്ചു. ആകയാൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു അവൾ സാക്ഷിയായി. ക്രിസ്തുവിനാൽ സൗഖ്യം ലഭിച്ചവരിൽ ഇത്രമാത്രം സ്നേഹം തിരികെ കൊടുത്ത മറ്റൊരു വ്യക്തിയെ തിരുവചനത്തിൽ നാം കാണുന്നില്ല.അവൾ തീർച്ചയായും വിശുദ്ധരുടെ പട്ടികയിലാണ്.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

ജീൻ ഫിലിപ്പ് സഖറിയാ, കല്ലിശ്ശേരി

Vol. 23 Issue 22
September 15
MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499
REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2015-2017
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 07/2015-17

## വെബ് പേജിൽനിന്ന്

*സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.*

# ചില ദീപങ്ങൾ അണയാറില്ല

മെഡിക്കൽ കോളജിൽ കിടക്കുന്ന കൂട്ടുകാരന്റെ അമ്മയെ കാണാൻ വേണ്ടിയാണ് ടൗണിൽനിന്നും ഓട്ടോ പിടിച്ചത്. നടുവ്വേദന ഉള്ളതുകൊണ്ട് കുണ്ടിലും കുഴിയിലും ഒന്നു പതുക്കെ പോണേ എന്ന് ഡ്രൈവറോട് വിനീതമായി അപേക്ഷിച്ചു. നീരസത്തോടെയുള്ള ഒരു നോട്ടം പ്രതീക്ഷിച്ച എനിക്ക് ഓകെ സാർ എന്ന വിനയത്തോടെയുള്ള മറുപടിയാണ് കിട്ടിയത്. ചില ഓർട്ടോക്കാർക്കുള്ള തിക്കും തിരക്കൊന്നും നമ്മുടെ ഈ ഡ്രൈവർക്കില്ല. പറഞ്ഞപോലെ തന്നെ മിതമായ സ്പീഡിൽ വളരെ സൂക്ഷിച്ച് എനിക്ക് യാതൊരു വിധ ശാരീരിക ആസ്വാസ്ഥ്യങ്ങളും ഉണ്ടാകാതെയാണ് അയാൾ എന്നെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചത്. മെഡിക്കൽ കോളജിന്റെ പോർട്ടിക്കോയിൽ വണ്ടിനിന്നു. എത്രയായി എന്ന എന്റെ ചോദ്യത്തിന് ഡ്രൈവറുടെ അടുത്തുള്ള ഒരു ബോക്സ് ചൂണ്ടി അയാൾ പറഞ്ഞു ഇഷ്ടമുള്ളത് ഈ പെട്ടിയിൽ ഇട്ടോളൂ. എനിക്ക് പെട്ടന്ന് കാര്യം പിടികിട്ടിയില്ല. നിർദ്ധനരായ രോഗികൾക്കുള്ള ധനസഹായം എന്ന് എഴുതിവെച്ചിരിക്കുന്ന ആ പെട്ടിയിലേക്ക് ഒരുനിമിഷം സ്തബ്ദ്ധനായി ഞാൻ നോക്കിനിന്നു. ഇതിനിടയിൽ കുറച്ചകലെ നിന്ന ഒരു സെക്യൂരിറ്റിക്കാരൻ വണ്ടി മാറ്റിയിടാൻ പറഞ്ഞുകൊണ്ട് ആംഗ്യം കാണിച്ചു. വണ്ടി മാറ്റിയിടാൻ സമയമെടുത്തതുകൊണ്ടാവാം സെക്യൂരിറ്റി അരിശത്തിൽ വണ്ടിയുടെ അടുത്തേക്ക് പാഞ്ഞടുത്തു. ഡ്രൈവറെ കണ്ടതും സെക്യൂരിറ്റിക്കാരന്റെ ദേഷ്യം ഉരുകിയില്ലാതായി എന്ന് മാത്രമല്ല വിനയപൂർവ്വം നമസ്ക്കാരം സാർ എന്ന് കൈകൂപ്പി തിരിച്ചുപോയി. എനിക്കൊന്നും മനസ്സിലാകുന്നില്ല. ഈ നാടകീയതയുടെ അന്തസത്ത അറിയാൻ പെട്ടിയിൽ പൈസയിട്ട് തിരിച്ച് സെക്യൂരിറ്റിക്കാരന്റെ അടുത്തേക്ക് ചെന്ന് കാര്യം തിരക്കി. കൂലിപ്പണിക്കാരനായ അച്ഛനമ്മമാരുടെ നാലു മക്കളിൽ രണ്ടാമത്തെ മകനാണ് ആ പോയ ഓട്ടോഡ്രൈവർ. അച്ഛൻ നേരത്തെ മരിച്ചു. മൂത്തമകൻ അപസ്മാരരോഗിയാണ്. ഇളയത് രണ്ട് പെൺകുട്ടികൾ. ഒരു കുടുംബത്തിന്റെ ഏക അത്താണിയാണ് അദ്ദേഹം. ഇപ്പോഴും കോളജിൽ പഠിക്കുന്ന അദ്ദേഹത്തിന് കഴിഞ്ഞകൊല്ലം നല്ല മാർക്കിൽ പരീക്ഷ പാസായതിനുള്ള സമ്മാനമാണ് ആ ഓട്ടോ. ഇവിടുത്തെ സൂപ്രണ്ട് സാറിന്റെ വകയാണത്. അഭിമാനിയായ അയാൾ ആദ്യമാസം തന്നെ തന്റെ വരുമാനത്തിന്റെ ഒരു പങ്ക് സൂപ്രണ്ട് സാറിനെ ഏൽപിച്ചിട്ട് പറഞ്ഞു എല്ലാ മാസവും ഡോക്ടറെ ഞാൻ ഇങ്ങനെ ഒരു തുക ഏൽപിച്ച് ഓട്ടോയുടെ കടം വീട്ടാം. സൂപ്രണ്ട് ഒരു പുഞ്ചിരിയോടെ അത് നിരസിച്ചു. പക്ഷെ അയാൾ പറഞ്ഞു. ഇല്ല സാർ അങ്ങനെയാണെങ്കിൽ ആ തുക ഞാൻ ഇവിടുത്തെ രോഗികൾക്കുള്ള ഫണ്ടിലേക്ക് അടയ്ക്കാം. അന്നുമുതൽ ആശുപത്രിയിലേക്കുള്ള ഓട്ടത്തിന് അദ്ദേഹം ആരോടും കണക്കുപറയാറില്ല. എന്നു മാത്രമല്ല ആ തുക മുഴുവൻ രോഗികളുടെ ചികിത്സാ ഫണ്ടിലേക്ക് കൊടുക്കുകയും ചെയ്യുന്നു. അതിനാണ് ആ പെട്ടി. അയാളെക്കുറിച്ച് അറിയാനുള്ള ജിജ്ഞാസ കൂടിക്കൂടി വന്നു. നിങ്ങൾ എന്താണ് അയാളെ കണ്ടപ്പോൾ കൈകൂപ്പി സാർ എന്ന് വിളിച്ചത്. തേർഡ് ഇയർ എം.ബി.ബി.എസിന് പഠിക്കുന്ന അദ്ദേഹത്തെ പിന്നെ ഞാൻ എന്താ വിളിക്കുന്നത്. ഒരുനിമിഷം വാക്ക് നാക്കിൽ ഉടക്കി. തിരിച്ച് ഒന്നു ചോദിക്കാൻ പറ്റിയില്ല. എന്റെ ദൃഷ്ടികൾ ആ നല്ല മനസിന്റെ ഉടമയെ ഒന്നുകൂടി പരതി. കൺവെട്ടത്തുനിന്നും വിദൂരത്തിലേക്ക് മാഞ്ഞുപോയ ആ ഓട്ടോയെയും ഓട്ടോക്കാരനെയും ഒരിക്കൽക്കൂടി കാണാൻ മനസ്സ് വല്ലാതെ ആഗ്രഹിച്ചു. ഈശ്വരൻ ചിലപ്പോൾ ഇങ്ങനെയാണ്. ചില വഴിവിളക്കുകളുടെ ദീപനാളങ്ങൾ എന്നന്നേക്കുമായി അണയ്ക്കാതെ സൂക്ഷിക്കുന്നു. അഹങ്കാരംകൊണ്ട് ഇരുളടഞ്ഞ മനുഷ്യമനസ്സിലേക്ക് മാനവീകതയുടെ ഇത്തിരി വെട്ടം പകരാൻ




# ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അന്തർദേശീയ വാർഷിക സമ്മേളനം പരുമല സെമിനാരിയിൽ

കോട്ടയം : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 81–ാമത് അന്തർദേശീയ വാർഷിക സമ്മേളനം സെപ്റ്റംബർ 29,30 ഒക്ടോബർ 1 തീയതികളിൽ പരുമല സെമിനാരിയിൽവെച്ച് നടത്തപ്പെടുന്നു. തീർത്ഥാടനവീഥികൾ എന്നതാണ് മുഖ്യ ചിന്താവിഷയം. സമ്മേളനം നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപയായിരിക്കും. ഒരു യൂണിറ്റിൽനിന്നും രണ്ടിൽ കുറയാത്ത അംഗങ്ങൾ പങ്കെടുക്കണം.

# അന്തർദേശീയ മർത്തമറിയം വനിതാസമാജം വാർഷിക സമ്മേളനം പന്തളത്ത്

കോട്ടയം : അന്തർദേശീയ മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ പന്തളം എമിനൻസ് പബ്ലിക് സ്ക്കൂളിൽ വെച്ച് നടക്കും. പ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്യുന്നതും, പത്തനംതിട്ട ജില്ലാ കളക്ടർ ഗിരിജ മുഖ്യ സന്ദേശം നൽകുന്നതുമാണ്. കുറിയാക്കോസ് മാർ ക്ലിമ്മീസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഫാ.ഡോ.എം.ഒ.ജോൺ, ജോർജ് പോൾ, അഡ്വ.ബിജു ഉമ്മൻ എന്നിവർ ആശംസകൾ അറിയിക്കും. വിശുദ്ധന്മാരുടെ വിശ്വാസത്തിലേക്കും സഹനത്തിലേക്കുമുള്ള ദൈവവിളി എന്ന വിഷയത്തെ അധികരിച്ച് ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ.ജോസഫ് മാർ ദീവന്നാസിയോസ്, ഡോ.അലക്സാണ്ടർ ജേക്കബ് ഐ.എ.എസ്., ഡോ.മിനി പ്രസാദ്, ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ.ഡോ.നൈനാൻ കെ.ജോർജ്, ഫാ.ജോയ്സ് എന്നിവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും ഡോ.മാത്യൂസ് മാർ തീമോത്തിയോസ്, പ്രശസ്ത സാഹിത്യകാരൻ ബെന്യാമിൻ, വീണാ ജോർജ് എം.എൽ.എ. എന്നിവർ പ്രസംഗിക്കുന്നതുമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ആയിരത്തോളം പ്രതിനിധികൾ സംബന്ധിക്കുന്നതിനുള്ള രജിസ്ട്രേഷൻ പൂർത്തിയായതായി പ്രസ്ഥാനം കേന്ദ്ര ഉപാദ്ധ്യക്ഷൻ ഫാ.മാത്യൂസ് വർഗീസ് പുളിമൂട്ടിൽ, ജനറൽ സെക്രട്ടറി പ്രൊഫ.മേരി മാത്യു എന്നിവർ അറിയിച്ചു. സമ്മേളനത്തിന്റെ ക്രമീകരണങ്ങൾക്കായി ഫാ.തോമസ് കൊക്കാപറമ്പിൽ, ഫാ.മത്തായി കുന്നിൽ, സോഫിയ രാജൻ, പ്രൊഫ.ബിൻസി റെജി എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

# കന്യകമറിയാമിന്റെ മാതൃത്വം നമ്മുടെ ജീവിതത്തിലും ഉൾക്കൊണ്ട് യേശുവിനെ മറ്റുള്ളവർക്കായി കാണിച്ചു കൊടുക്കണം : മാർ ദീവന്നാസിയോസ്

കറ്റാനം : കന്യകമറിയാമിന്റെ മാതൃത്വം ജീവിതത്തിലും ഉൾക്കൊണ്ട് യേശുവിനെ വാക്കിലൂടെ മാത്രമല്ല പ്രവർത്തിയിലൂടെയും മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കണം. അതുപോലെ കന്യകമറിയാമിന്റെ വിനയത്തിലൂടെയും വിധേയത്വത്തിലൂടെയും നമ്മുടെ കുഞ്ഞുങ്ങളെ വളർത്താൻ മാതാപിതാക്കൾ ശ്രമിക്കണം. അപ്പോൾ അവർ ദൈവാശ്രയത്തിൽ വളർന്നുവന്നു ഉന്നതങ്ങളിൽ എത്തിച്ചേരുമെന്ന് ഡോ.ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയപള്ളിയിലെ എട്ടുനോമ്പ് പെരുന്നാളിനോട് അനുബന്ധിച്ച് സെപ്റ്റംബർ നാല് തിങ്കളാഴ്ച രാവിലെ നടന്ന വി.മൂന്നിന്മേൽ കുർബ്ബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചുകൊണ്ട് കുർബ്ബാന മദ്ധ്യേ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. എട്ടുനോമ്പിന്റെ സമാപന ദിവസമായ സെപ്റ്റംബർ 8ന് ഫാ.വി.ജെ.ജോൺ കൈതവനയുടെ കാർമ്മികത്വത്തിൽ നടന്ന വി.കുർബ്ബാനയ്ക്കുശേഷം കൊടിയിറക്കം, നേർച്ചവിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിച്ചു.

## ഉപകാരസ്മരണ



ഒരു വിശ്വാസി, കൊട്ടാരക്കര

## ഉപകാരസ്മരണ



ഒരു വിശ്വാസി, കൊട്ടാരക്കര